# വൃത്താന്തം

ഫെബ്രുവരി 2022 യുഗാബ്ദം 5123 പുസ്തകം: 6 ലക്കം: 2





## സുഭാഷിതം

പരം ഹി ദാനാന്ന ബഭൂവ ശാശ്വതം
ഭവ്യം ത്രിലോകേ ഭവതേ കുതഃ പുനഃ
തസ്മാത് പ്രധാനം പരമം ഹി ദാനം
വദന്തി ലോകേഷു വിശിഷ്ടബുദ്ധയഃ

(മഹാഭാരതം- വനപർവം 200-129)

**അർത്ഥം:** ദാനത്തേക്കാൾ മഹത്വമേറിയതും ശാശ്വതവുമായ പുണ്യകർമ്മം മൂന്നുലോകങ്ങളിലും ഇതുവരെ ഉണ്ടായിട്ടില്ല. ഇനി എങ്ങനെ ഉണ്ടാകും? അതുകൊണ്ട് ലോകത്ത് ദാനമാണ് ഏറ്റവും മഹത്തായ പുണ്യകർമ്മം എന്ന് വിശേഷബുദ്ധിയുള്ളവർ പറയുന്നു

## അമൃതവചനം

### തിരുവള്ളുവർ പറഞ്ഞു

ധൂർത്തന് ധനത്തിന്റെ മഹത്വത്തെക്കുറിച്ച് അറിയില്ല. മാംസം ഭക്ഷിക്കുന്നവനാകട്ടെ കാരുണ്യത്തിന്റെ മഹത്വവും അറിയാനാവില്ല.

## ബോധകഥ

# നാടിനോടുള്ള കടംവീട്ടാനുള്ള അവസരം

1965-ലെ ഭാരത-പാക്കിസ്ഥാൻ യുദ്ധം ആരംഭിച്ചിട്ട് നാലുനാൾ കഴിഞ്ഞു. സെപ്തംബർ 5 രാത്രി, അതിർത്തികടന്ന് ആക്രമണം തുടങ്ങിയ ഭാരതീയസേന ലാഹോറിലേയ്ക്ക് മുന്നേറിക്കൊണ്ടിരിക്കുകയായിരുന്നു. സേനാനായകൻ തന്റെ സേനാവിഭാഗത്തോട് യുദ്ധതന്ത്രം വിശദീകരിച്ചുകൊണ്ടിരിക്കേ പാക്കിസ്ഥാനി സേനയുടെ ഒരു പീരങ്കിയുണ്ട അവരുടെ സമീപത്ത് വന്നുവീണു. അതിശക്തിയായി പൊട്ടിത്തെറിച്ച അതിൽനിന്നും നാലുപാടും ചിതറിയ മൂർച്ചയുള്ള ലോഹക്കഷണങ്ങളിലൊന്ന് ഒരു സൈനികന്റെ അരക്കെട്ടിൽ ചെന്ന് തറച്ച്, ആഴത്തിൽ മുറിവേല്പിച്ചു.

ഇതുകണ്ട് സേനാനായകൻ ആ സൈനികനോട് പറഞ്ഞു: "നിനക്ക് പരിക്കേറ്റിരിക്കുന്നു, നീ എത്രയും പെട്ടെന്ന് മടങ്ങി ആശുപത്രിയിലേയ്ക്ക് പോകണം. നിനക്ക് ചികിത്സയും വിശ്രമവും ആവശ്യമാണ്. ഇന്നത്തെ ആക്രമണത്തിന് പോവാൻ പറ്റുന്ന സ്ഥിതിയിലല്ല നീ."

ഇതുകേട്ട് ആ സൈനികന്റെ രക്തംതിളച്ചു. അയാൾ പറഞ്ഞു: "സാബ്, ഞാൻ തീർച്ചയായും വരും. ഇങ്ങനെയൊരു ദിവസത്തിനുവേണ്ടിയാണ് എനിക്ക് പരിശീലനം തന്നിട്ടുള്ളത്. വർഷങ്ങളായി ഞാൻ വേതനം പറ്റുന്നവനാണ്. ഉണ്ട ചോറിനുള്ള നന്ദി നാടിനോട് കാട്ടാനുള്ള സുവർണ്ണാവസരം കൈവന്നിരിക്കുകയാണ്. അതുകൊണ്ട് ദയവുചെയ്ത് അങ്ങെന്നോട് തിരിച്ചുപോകാൻ പറയരുത്. തീർച്ചയായും അങ്ങയോടൊപ്പം ഞാനും വരും."

ഇത്രയും പറഞ്ഞുകൊണ്ട് ആ സൈനികൻ തന്റെ അരക്കെട്ടിൽ തറച്ചിരുന്ന ലോഹക്കഷ്ണം സ്വന്തം കൈകൊണ്ടുതന്നെ വലിച്ചൂരിയെറിഞ്ഞു. ആ സൈനികന്റെ ഈ ദൃഢനിശ്ചയം കണ്ട സേനാനായകൻ ഡോക്ടറെ അവിടേയ്ക്ക് വിളിച്ചുവരുത്തി മുറിവിൽ മരുന്നുവെച്ചു കെട്ടിച്ചു.

അല്പനേരത്തെ വിശ്രമത്തിനുശേഷം ആ സൈനികനും തന്റെ കൂട്ടാളികളോടൊപ്പം ലാഹോറിലേയ്ക്ക് മുന്നേറി.

മുഖപ്രസംഗം

# സേവനത്തിന്റെ വഴിയെ കൊവിഡ് പ്രതിരോധം

**കൊ**വിഡിന്റെ മൂന്നാം തരംഗത്തിലാണ് ലോകം. രാജ്യത്ത് കൊവിഡ് നാശം വിതയ്ക്കാൻ തുടങ്ങിയിട്ട് വർഷം രണ്ട് പിന്നിടുന്നു. ലോക്ഡൗണും ക്വാറന്റൈനും മാസ്കും സാനിട്ടൈസറും ഒക്കെ ജീവിതത്തിന്റെ ഭാഗമായിരിക്കുന്നു. ഒറ്റപ്പെടലിന്റെ ജീവിത സാഹചര്യങ്ങളാണ് വീണ്ടും ചുറ്റിനും. ഒന്നും രണ്ടും തരംഗങ്ങളിലേതുപോലെ കർശനമായ നിരീക്ഷണമോ ജാഗ്രതയോ സമൂഹത്തിനുള്ളിൽ കാണുന്നില്ല. അധികൃതരുടെ സമീപനവും ജനത്തിന് വേണമെങ്കിൽ നിയന്ത്രിക്കട്ടെ എന്ന മട്ടാണ്. സർക്കാർ ആശുപത്രികളും സ്വകാര്യ ആശുപത്രികളിലുമൊന്നും മുൻകാലങ്ങളിലെപ്പോലെയുള്ള കരുതൽ നടപടികൾ കാണുന്നില്ല. സർക്കാരേർപ്പെടുത്തുമെന്ന് പറയുന്ന നിയന്ത്രണങ്ങളിലും അവ്യക്തതയും ആശയക്കുഴപ്പവും ധാരാളമാണ്. ഈ സാഹചര്യത്തിലാണ് സ്വയംനിയന്ത്രണത്തിന്റെ പഥ്യങ്ങളിലേക്ക് സമൂഹം മാറേണ്ടതിന്റെ പ്രസക്തി ഉയരുന്നത്.

കൊവിഡ് മഹാമാരിയുടെ വ്യാപനത്തിനിടയിലും പരസ്പര സഹകരണത്തിന്റെയും സേവനത്തിന്റെയും മനോഭാവം സമൂഹത്തിന്റെ പൊതുരീതിയായി മാറിയെന്ന ഒരു ഭാവാത്മക വശം ഇതിനോടൊപ്പമുണ്ട്. സേവാഭാരതി പോലെ അനേകം സംഘടനകൾ തികച്ചും ശാസ്ത്രീയമായ രീതിയിൽത്തന്നെ കൊവിഡിനെ നേരിടാൻ സജ്ജമായിരിക്കുന്നു. കൂടുതൽ ആംബുലൻസുകളും കൊവിഡ് മരണങ്ങളെത്തുടർന്ന് മൃതദേഹങ്ങൾ സംസ്കരിക്കുന്നതുമായി ബന്ധപ്പെട്ട് കുടുംബങ്ങൾക്കുണ്ടാകുന്ന ആശങ്കകൾ പരിഹരിക്കുന്നതിന് ചിതാഗ്നി പദ്ധതിയുമൊക്കെയായി സേവാഭാരതി കരുതലോടെ സജീവമായി രംഗത്തുണ്ട്.

കേന്ദ്ര ആരോഗ്യമന്ത്രി ഡോ. മൻസുഖ് മാണ്ഡവ്യ ജനുവരി അവസാനം വിളിച്ചുചേർത്ത യോഗത്തിൽ കേരളമടക്കമുള്ള സംസ്ഥാനങ്ങളോട് ആരാഞ്ഞത് ജനങ്ങൾക്കാവശ്യമുള്ള ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിൽ എവിടെവരെയെത്തി കാര്യങ്ങൾ എന്നാണ്. ഇതിനായി കേന്ദ്രം അനുവദിച്ച പണം മാർച്ച് 31ന് അകം പൂർണമായും വിനിയോഗിച്ചിരിക്കണം എന്നാണ്. അതിന്റെ സാമാന്യമായ അർത്ഥം ഇക്കാര്യത്തിൽ നമ്മുടെ സംസ്ഥാനങ്ങൾ വളരെ പിറകിലാണ് എന്നതാണ്. കൃത്യമായ മരുന്ന് പോലും ഇനിയും കണ്ടെത്തിയിട്ടില്ലാത്ത ഒരു രോഗത്തോട് പൊരുതാൻ ജനങ്ങളെ പെരുവഴിയിലിറക്കി നിർത്തിയിട്ട് സർക്കാർ കൈയുംകെട്ടി നോക്കിയിരിക്കുകയാണ്. രോഗികൾക്ക് നേരിടുന്ന അവഗണനയെ സംബന്ധിച്ചുള്ള പരാതികളും വാർത്തകളും പോലും നടപടികളിലേക്ക് നീങ്ങുന്നില്ല. കേന്ദ്രാവിഷ്കൃത ടെലി മെഡിക്കൽ കൺസൾട്ടിങ് പദ്ധതിയായ ഇ സഞ്ജീവനി മാത്രമാണ് നിലവിലുള്ള ഏക ആശ്രയം.

പ്രകൃതിയുടെ സുരക്ഷിതത്വത്തിലേക്കും ആയുർവേദമടക്കമുള്ള പാരമ്പര്യ ചികിത്സാ രീതിയിലേക്കും സമൂഹം സ്വയമേവ തിരിഞ്ഞുനടക്കുകയാണ്. ചുറ്റുമുള്ളവരെ കരുതാനും അവനവനെത്തന്നെ ജാഗ്രതപ്പെടുത്താനുമുള്ള മനോഭാവത്തിലേക്ക് ജനം മാറേണ്ടിയിരിക്കുന്നു. സേവനത്തിൽ ഭേദഭാവനകളില്ല. ഹൃദയത്തിൽ നിന്ന് ഹൃദയത്തിലേക്ക് ഹൃദയം പകരുന്ന സേവനത്തിന്റെ ഉന്നതമായ ദർശനം പ്രായോഗിക ജീവിതാദർശമായി സാമാന്യ ജനസമൂഹം സ്വീകരിക്കുന്ന കാലമാണ്.

ഒരു വശത്ത് കൊവിഡ് ഒരു നിയന്ത്രണവുമില്ലാതെ പടർന്നുകയറുമ്പോഴും മറുവശത്ത് സ്വയം നിയന്ത്രണത്തിന്റെയും സഹകരണത്തിന്റെയും ജീവിതമാതൃകകൾ ഉയരുന്നു എന്നത് ആശാസ്യമാണ്. ■



ആർഎസ്എസ് പ്രാന്ത കാര്യവാഹ് പി.എൻ. ഈശ്വരൻ അമ്മിണിയമ്മയെ പൊന്നാടയണിയിക്കുന്നു

# കുടിലിനുള്ളിലെ ദേശീയ ബോധം

**തൃശൂർ:** കൊച്ചു കുടിലിനുമുന്നിൽ പേരക്കുട്ടികളെ സാക്ഷിയാക്കി അമ്മിണി അമ്മൂമ്മ ദേശീയപതാക ഉയർത്തി. ഈ വിഡിയോ സാമൂഹ മാധ്യമങ്ങളിൽ ഇതിനോടകം കണ്ടത് മൂന്നുലക്ഷത്തിലധികം പേർ. ചേർപ്പ് ചെറുചേനം വെള്ളുന്നപ്പറമ്പിൽ വിജയന്റെ അമ്മ അമ്മിണി (69) പനമ്പുകൊണ്ടു മറച്ച കുടിലിന്റെ മുറ്റത്ത് ഉറപ്പിച്ച മുളവടിയിലാണ് റിപ്പബ്ലിക് ദിനത്തിൽ പതാക ഉയർത്തിയത്.

പേരക്കുട്ടികൾ ചടങ്ങിന് സാക്ഷികളായി. വിജയന്റെ മൂത്ത മകളും സിഎൻഎൻ സ്കൂളിൽ പ്ലസ്ടു വിദ്യാർഥിനിയുമായ വിസ്മയ ആണ് വീഡിയോ മൊബൈലിൽ പകർത്തിയത്. പ്രധാനാധ്യപകൻ എ.ആർ. പ്രവീൺ കുമാർ ഫേസ്ബുക്കിൽ പോസ്റ്റ് ചെയ്തു.

കുലിപ്പണിക്കാരനായ വിജയൻ അഞ്ചുവർഷം മുമ്പാണ് മൂന്ന് മക്കൾ അടങ്ങിയ കുടുംബത്തിന് പനമ്പുകൾ മറച്ച് ഓലമേഞ്ഞ കൂടിൽ സ്വയം ഉണ്ടാക്കിയത്. ഏഴ് ആടുകൾക്കായി ഒരുക്കിയ കൂടുകൾക്കും കുടിലിനും മധ്യേ ചാണകം മൊഴുകിയ മുറ്റത്ത് ആഹ്ലദവും ദേശീയതയും തുളുമ്പിയ ദൃശ്യം സമൂഹം നെഞ്ചേറ്റുന്നു.

ഇതിന് പിന്നാലെ കുടുംബത്തിന് സാന്ത്വനത്തിന്റെ കരങ്ങൾ നീട്ടുകയാണ് സമൂഹം. ഇവരുടെ ഹൃദയംകൊണ്ടുള്ള സല്യൂട്ട് സോഷ്യൽ മീഡിയയിൽ ആയിരക്കണക്കിന് ആളുകൾ ഷെയർ ചെയ്തു.

ചലച്ചിത്ര സംവിധായകൻ മേജർ രവി ഉൾപ്പടെയുള്ള നിരവധി പ്രമുഖർ വീട് പുതുക്കിപ്പണിയുന്നതിനുള്ള സഹായം വാഗ്ദാനം ചെയ്തു. അമ്മിണിയും കൊച്ചുമക്കളായ വിസ്മയ, വിവേക്, വൈൻ, ശ്രീലക്ഷമി, ശ്രീനന്ദ്, ശിവഹരി, ശിവാത്മിക എന്നിവർ ചേർന്നാണ് മുറ്റത്ത് ഉറപ്പിച്ച മുളവടി കൊടിമരമാക്കി ദേശീയ പതാക ഉയർത്തിയത്.

സിഎൻഎൻ ബോയ്സ് ഹൈസ്കൂൾ വിദ്യാർത്ഥിയായ രണ്ടാമത്തെ മകൻ വിവേകിന്റെ ക്ലാസ് ടീച്ചർ സുഷമയുടെ നിദ്ദേശപ്രകാരമാണ് ചടങ്ങ് ഒരുക്കിയതും വീഡിയോ ഫോണിൽ പകർത്തിയതും.

ഓലയും പ്ലാസ്റ്റിക് ഷീറ്റും മേഞ്ഞ അടച്ചുറപ്പില്ലാത്ത വീടിനുമുന്നിൽ ദേശീയപതാക ഉയർത്തി ഭാരത് മാതാ കി ജയ് വിളിച്ച് ദേശാഭിമാനത്തിന്റെ പ്രഭ ചൊരിഞ്ഞ അമ്മിണിയമ്മയെയും കുടുംബത്തേയും ആസാദി കാ അമൃത് മഹോത്സവ സമിതി പ്രവർത്തകർ വീട്ടിലെത്തി അനുമോദിച്ചു.

ആർഎസ്എസ് പ്രാന്ത കാര്യവാഹ് പി.എൻ. ഈശ്വരൻ അമ്മിണിയമ്മയെ പൊന്നാടയണിയിച്ചു. വിഭാഗ്സംഘചാലക് കെ.എസ്. പദ്മനാഭൻ, ഇരിങ്ങാലക്കുട ജില്ലാ സംഘചാലക് ഇ. ബാലഗോപാൽ സമിതി പൊതുകാര്യദർശി കെ.എസ്. ജയചന്ദ്രൻ, ജില്ലാ ബൗദ്ധിക് ശിക്ഷൺ പ്രമുഖ് രാജീവ് മാസ്റ്റർ, ഹിന്ദു ഐക്യവേദി സംസ്ഥാന ജനറൽ സെക്രട്ടറി പി. സുധാകരൻ തുടങ്ങിയവർ ഒപ്പമുണ്ടായിരുന്നു.

# സർവ്വം ശിവമയമാക്കുന്ന ശിവരാത്രി



കാലം പൗരാണികമോ ആധുനികമോ ഏതുതന്നെ ആയിരുന്നാലും ഭാരതത്തിന്റെ സമൂഹ മനസ് എക്കാലത്തും ആത്മീയധാരകളുടെ ഓരംപറ്റിയാണ് വളർന്നതും, വികസിച്ചതും മുന്നോട്ടുള്ള പ്രയാണം നടത്തിക്കൊണ്ടിരിക്കുന്നതും എന്ന് അതിന്റെ കാലാതിവർത്തിയായ ആചാര അനുഷ്ഠാന പദ്ധതികളിൽനിന്നും ചിന്താധാരകളിൽനിന്നും നമുക്ക് തിരിച്ചറിയാം.

വൈഷ്ണവം, ശൈവം, ശാക്തേയം തുടങ്ങിയ ആരാധനാ രീതികളും ദ്വൈതം, അദ്വൈതം, വിശിഷ്ട അദ്വൈതം തുടങ്ങിയ തത്വചിന്തകളും, യോഗം, ധ്യാനം തുടങ്ങിയ ക്രിയാത്മകങ്ങളും ഭാരത ആത്മീയതയുടെ ഗരിമയും വൈപുല്യവും വിളിച്ചോതുമ്പോഴും തക്കവിതർക്കങ്ങൾക്ക് കാരണം ആകുമ്പോഴും ഒരു കാര്യം നിസ്സംശയം പറയാം. ഭാരത ഖണ്ഡം ഒന്നാകെ ആചരിക്കുന്ന ഒരു അനുഷ്ഠാനം ആണ് ശിവരാത്രി.

ശാസ്ത്രവും വിശ്വാസവും പ്രകൃതിയും മനുഷ്യമനസിന്റെ ആഴവും, മിത്തുകളും ഇഴചേർന്ന് പരിണമിച്ച ഒരു ആഘോഷം വേറൊന്ന് ഉണ്ടോ എന്ന് സംശയമാണ്. കാലസ്വരൂപമായ ഭഗവാനെ ഉഗ്രരൂപിയായ രുദ്രൻ ശാന്തരൂപിയായ ശിവനായും പ്രതിഷ്ഠ ചെയ്തിരിക്കുന്ന കേരളത്തിലെ നൂറ്റിയെട്ട് ശിവാലയങ്ങളിലും ശിവരാത്രി മേന്മയേറിയതാണ്.

കുംഭമാസത്തിലെ കൃഷ്ണപക്ഷ ചതുർദശി ദിവസമാണ് ശിവരാത്രി ആഘോഷിക്കുന്നത്. ദേവാസുരന്മാർ പാലാഴി കടഞ്ഞപ്പോൾ ഉയർന്നുവന്ന കാളകൂടവിഷം താഴെ വീഴാൻ ഇടയായാൽ പ്രപഞ്ചനാശം സംഭവിക്കും എന്നതുകൊണ്ട് ഭഗവാൻ ശിവൻ അത് പാനം ചെയ്തുവെന്നും വിഷം കണ്ഠത്തിൽ ഉറച്ച് നീലകണ്ഠൻ ആയി എന്നുമുള്ള പുരാണകഥ ശിവരാത്രിയുടെ പുരാവൃത്തമായി സമൂഹത്തിലുണ്ട്. അതിലൂടെ തലമുറകളിൽനിന്നും തലമുറകളിലേക്ക് ശിവരാത്രി ആചരിക്കുന്നു. ഭക്തന്മാർ മോക്ഷപ്രാപ്തിക്കായി ഉപവാസമനുഷ്ഠിക്കുകയും ശിവപൂജ നടത്തുകയും പിതൃതർപ്പണങ്ങൾ നടത്തുകയും ചെയ്യുന്നു. കേരളത്തിന്റെ ഏറ്റവും സവിശേഷമായ ആരാധനാ സങ്കേതം ആലുവ ശിവരാത്രി മണൽപ്പുറമാണ്.

മിത്തുകളിൽ രൂപപ്പെട്ട് തുടർച്ച തേടുന്ന ഒരു ആരാധന എന്നതിനപ്പുറം മനുഷ്യമനസിന്റെ ജീവിത അർത്ഥതലങ്ങൾകൂടി ഉൾക്കൊണ്ട ആരാധനയാണ് ശിവരാത്രി എന്ന് താത്വികമായിക്കൂടി മനസിലാക്കേണ്ടതാണ്. ശിവസങ്കൽപത്തിന്, എല്ലാ അധിഷ്ഠാന ദേവതാസങ്കൽപ്പങ്ങളിലും ഉള്ളത് പോലെ ആധിദൈവികം, ആധിഭൗതികം, ആധ്യാത്മികം എന്ന ത്രിത്വ ഭാവനയുണ്ട്.

ഭാരതീയ മനഃശാസ്ത്രം വളരെ ആഴത്തിൽ ചർച്ച ചെയ്യപ്പെട്ടിരിക്കുന്ന ദർശനമാണ് പതഞ്ജലി യോഗശാസ്ത്രം. അതിന് നിദാനമായിരിക്കുന്നത് മനുഷ്യമനസിനെ ശിവനോട് താദാത്മം പ്രാപിക്കുന്ന യജൂർവേദ മന്ത്രങ്ങളാണ്. മനഃ മനസ്സ് ദേവതയാക്കി സങ്കൽപ്പിക്കുന്ന ഈ മന്ത്രങ്ങൾ അവസാനിക്കുന്നത് "തൻമേ മന ശിവസങ്കൽപമസ്തുഃ" എന്റെ മനസ് ശിവസാന്ദ്രമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നുണ്ട്.

ഇങ്ങനെ ശിവമയമായ മനസിനെ സംയമം ചെയ്യുന്ന രാത്രിയാണ് ശിവരാത്രി.

"യാ നിശാ സർവ്വഭൂതാനാം
തസ്യാം ജാഗർത്തി സംയമീ" (ഭഗവദ്ഗീത 2.69)

എല്ലാ ജീവികളും ഉറങ്ങുന്ന രാത്രിയിൽ സംയമിയായ യോഗി ഉണർന്നിരിക്കുന്നു.

എല്ലാ ചിന്താവൃത്തികളും നിരോധിക്കുന്ന അവസ്ഥയിൽ ഉണർന്നിരിക്കുന്ന യോഗ മനസിന്റെ ഭാവസാന്ദ്രമായ അനുഷ്ഠാനം കൂടിയാണ് ശിവരാത്രി. എന്റെ മനസ് ശിവസങ്കൽപയുക്തമാകട്ടെ എന്ന ഓരോ മനുഷ്യമനസിന്റെയും ഉൾക്കാഴ്ച.

തികച്ചും കലുഷിതമായ മാനസിക അവസ്ഥയിലേക്ക് കൂപ്പുകുത്തിക്കൊണ്ടിരിക്കുന്ന ആധുനിക മനുഷ്യന് സ്വന്തം മനസിന്റെ ആത്മബോധത്തെ വീണ്ടെടുക്കാൻ അനിയന്ത്രിത ഭാവനകളെ ഉണർത്തി ധർമ്മാധർമ്മ വിവേചനം നടത്താൻ, ഉപാസനാമൂർത്തിയായ ശിവനെ ആത്മാവിൽ സ്വാംശീകരിക്കാൻ ഉതകുന്ന ശിവരാത്രി മനുഷ്യകുലത്തിന്റെ നന്മയുടെ വീണ്ടെടുക്കലാണ്. ലോകക്ഷേമം മുൻനിർത്തി കാളകൂടം കണ്ഠത്തിൽ സ്വീകരിച്ച് നീലകണ്ഠൻ ആയ ഭഗവാനെപ്പോലെ ജീവിതം സാർത്ഥമാക്കാനുള്ള മുന്നൊരുക്കം.

## ജീവിതത്തിലും രുഗ്മിണിയമ്മ കാത്തിരിക്കുന്നു...

# അനാഥരായ അമ്മമാർ അഭിനയിച്ചു ജീവിച്ച ഹ്രസ്വ ചിത്രം

**മണികണ്ഠൻ കുറുപ്പത്ത്**



**ഗുരുവായൂർ:** സാന്ദീപനി മാതൃസദനത്തിലെ അന്തേവാസികളായ 16 അമ്മമാർ അഭിനയിച്ച 'ഞങ്ങൾ' എന്ന ഹ്രസ്വ ചിത്രം ശ്രദ്ധേയമാകുന്നു.

ചോര നീരാക്കി കഷ്ടപ്പെട്ടു വളർത്തിയ മക്കൾ ഉപേക്ഷിച്ച് മാതൃസദനത്തിന്റെ കാരുണ്യ വലയത്തിൽ നിൽക്കുന്ന ഒരു പറ്റം അമ്മമാർ അഭിനയിക്കുകയായിരുന്നില്ല, ജീവിച്ചു കാണിക്കുകയായിരുന്നു. അന്തേവാസിയായ രുഗ്മിണി അമ്മയുടെ ജീവിതമാണ് ജാനകിയമ്മയെന്ന കഥാപാത്രത്തിലൂടെ സംവിധായിക പ്രസി ദിനേഷ് ചിത്രത്തിലൂടെ വരച്ചുകാട്ടുന്നത്.

ചെറുതുരുത്തി സ്വദേശിയായ രുഗ്മിണി അമ്മയ്ക്ക് എഴുപതു വയസ്. പതിനേഴാം വയസിൽ വിവാഹം കഴിഞ്ഞതാണ്. രണ്ടു മക്കളുടെ അമ്മയായിയിരിക്കെ വിധവയായി. കൂലിപ്പണിയെടുത്ത് മക്കളെ വളർത്തി, പഠിപ്പിച്ചു. അധ്യാപകരാക്കി. പക്ഷേ, മക്കളുടെ വിവാഹ ശേഷം വീട്ടിൽ മാനസിക പീഡനം ഏറ്റുവാങ്ങേണ്ടി വന്ന രുഗ്മിണി അമ്മ എതിർത്തു നിൽക്കാതെ സ്വയം പടിയിറങ്ങി. ഗുരുവായൂർ അമ്പല നടയിൽ ദിവസങ്ങളോളം കഴിഞ്ഞു. മമ്മിയൂരിലുള്ള സാന്ദീപനി മാതൃസദനത്തിൽ എത്തിയതോടെ രുഗ്മിണി അമ്മയ്ക്ക് മുന്നിൽ പുതിയ ലോകം തുറക്കുന്നു.

സാന്ദീപനി മാതൃസദനത്തിലെ 16 പേർ രുഗ്മിണി അമ്മക്കൊപ്പം അഭിനയിച്ചു.

ഗുരുവായൂരിലും പരിസരത്തുമായി മൂന്നു ദിവസം കൊണ്ട് ചിത്രീകരിച്ച 'ഞങ്ങൾ' എന്ന ഷോർട്ട് ഫിലിം സാന്ദീപനി മാതൃസദനമാണ് നിർമിച്ചിരിക്കുന്നത്. സ്ഥാപനത്തിലെ കൗൺസിലറായ പ്രസി ദിനേഷ് തന്നെയാണ് കഥയും തിരക്കഥയും സംവിധാനവും.

വീട്ടിൽ നിന്നും പടിയിറക്കപ്പെട്ട് മാതൃസദനത്തിലെത്തി കാലങ്ങൾക്ക് ശേഷം തെറ്റുകൾ മനസിലാക്കി മക്കളെത്തി ജാനകി അമ്മയെ തിരികെ വീട്ടിലേക്ക് കൊണ്ടു പോകുന്നതോടെയാണ് ചിത്രം തീരുന്നത്. സ്വന്തം ജീവിതം ക്യാമറയ്ക്കു മുന്നിൽ അഭിനയിച്ചു പ്രതിഫലിപ്പിച്ച രുഗ്മിണി അമ്മ ഇപ്പോഴും പ്രതീക്ഷിക്കുന്നു, ജീവിതത്തിലും മക്കൾ തന്നെ തേടിവരുമെന്ന്.

**ജന്മഭൂമി (31 ജനുവരി 2022)**

# അവർ പിറന്ന മണ്ണിലേക്ക്

**ന്യൂഡൽഹി:** ജമ്മുകശ്മീരിലെ സ്വന്തം മണ്ണിലേക്ക് കശ്മീരി പണ്ഡിറ്റ് കുടുംബങ്ങൾ തിരികെ എത്തിക്കുന്നതിൽ പ്രതിജ്ഞാബദ്ധമെന്ന് കേന്ദ്രസർക്കാർ. കഴിഞ്ഞ അഞ്ചുവർഷത്തിനിടെ 610 കുടുംബങ്ങളാണ് പൂർവ്വികരുടെ മണ്ണിലേക്ക് തിരികെ എത്തിയത്. 370-ാം വകുപ്പ്റദ്ദാക്കിയ ശേഷം ജമ്മുകശ്മീരിലെ സാധാരണ ജീവിതം സുരക്ഷിതമാകുന്നു എന്നതിന്റെ ഏറ്റവും നിർണ്ണായകമായ മാറ്റമാണ് പണ്ഡിറ്റുകളുടെ പുന:രാധിവാസമെന്ന് ആഭ്യന്തര വകുപ്പ് സഹമന്ത്രി നിത്യാനന്ദറായ് സഭയെ അറിയിച്ചു. കശ്മീരിലെ പണ്ഡിറ്റുകൾ അവർ എവിടെ നിന്നാണോ ഓടി പോകേണ്ടിവന്നത് അതേ ഭൂമിയിൽ അവരുടെ സ്വന്തം ഭൂമിയും സ്ഥലങ്ങളും തിരികെ കൊടുക്കുന്ന സംവിധാനമാണ് ഭരണകൂടം നടപ്പാക്കികൊണ്ടിരിക്കുന്നത്.

# അനന്തലക്ഷ്മണ കാൻഹേരേ



രത്നഗിരി ജില്ലയിലെ കാൻഹേരേ ഗ്രാമത്തിൽ 1891ൽ അനന്തലക്ഷ്മണ കാൻഹേരേ ജനിച്ചു. ഔറംഗബാദിൽ അമ്മാവന്റെ കൂടെ താമസിച്ച് ഇംഗ്ലീഷും ചിത്രകലയും പഠിച്ചു. സ്കോളർഷിപ്പ് നേടിയാണ് പഠിച്ചത്. കൂട്ടുകാരൻ ഗംഗാറാം ദേശസ്നേഹിയായിരുന്നു. രാജ്യത്തിനുവേണ്ടി പ്രാണൻ സമർപ്പിക്കാൻ ഇരുവും പ്രതിജ്ഞയെടുത്തു.

ഗംഗാറാമിന് വിപ്ലവകാരികളുമായി കൂട്ടുകെട്ടുണ്ടായിരുന്നു. അനന്തന് വിപ്ലവകാരിയാകണമെന്നാഗ്രഹമുണ്ടായപ്പോൾ സഹനശക്തി പരിശോധിക്കാൻ കത്തുന്ന വിളക്കിന്റെ ചിമ്മിനി പിടിപ്പിച്ചു. കൈപ്പത്തി പൊള്ളിയിട്ടും അനന്തന്റെ മുഖത്തു ഭാവഭേദമുണ്ടായില്ല. തിലകനേയും വീരസാവർക്കറെയും അത്യധികം ആദരിച്ച അനന്ത് കേസരിയും കാൽ പത്രവും പതിവായി വായിച്ചുവന്നു. തിലകനെ 1906 ൽ ആറുവർഷത്തേക്ക് നാടുകടത്തി. അക്കാലത്ത് നാസികിൽ ജാക്സൻ എന്ന കളക്ടർ നിയമിതനായി. പുറമെ മധുരമായി പെരുമാറുന്ന ദ്രോഹബുദ്ധിയായിരുന്നു ജാക്സൺ. ഭരണത്തെ എതിർക്കുന്നവരെ അയാൾ അടിച്ചമർത്തി. മഹാരാഷ്ട്രയിലാകെ സ്വാതന്ത്ര്യസമരം കത്തിക്കാളി. സാവർക്കറുടെ അഭിനവഭാരത് ജനങ്ങളെ ഇളക്കി മറിച്ചു. ജാക്സൻ അതിനെ സസൂക്ഷ്മം നിരീക്ഷിച്ചു. വന്ദേമാതാരം നിരോധിക്കപ്പെട്ടു. വാമൻ സഖാറാം എന്ന അഭിഭാഷകൻ പൊതുപ്രഭാഷണം ചെയ്യുന്നതു തടഞ്ഞു. അദ്ദേഹത്തിന്റെ സന്നദ് പിൻവലിക്കപ്പെട്ടു. സഖാറാമിനെ ജയിലിലടച്ചു. വീരസാവർക്കറുടെ ജ്യേഷ്ഠൻ ബാബാ സാവർക്കർക്കെതിരെ രാജ്യദ്രോഹ കുറ്റം ചുമത്തി. അദ്ദേഹത്തിന്റെ കവിതകൾ കണ്ടുകെട്ടി. ആന്തമാനിലേക്കു നാടുകടത്തുകയും ചെയ്തു.

ഈ നടപടികൾ ജാക്സനെതിരെ പ്രതികാരം ചെയ്യാൻ അനന്ത കാൻഹരെയെ പ്രകോപിപ്പിച്ചു. വിപ്ലവസഖാവായ ഗണേശ് വൈദ്യയോട് അതെപ്പറ്റി ചോദിച്ചപ്പോൾ അതിനു ധൈര്യമുള്ളവരുണ്ടോ എന്നദ്ദേഹം അന്വേഷിച്ചു. ജാക്സനെ കൊല്ലാൻ അനന്ത് നിശ്ചയിച്ചു. ഒരു പിസ്റ്റൾ സമ്പാദിച്ച് വെടിവെക്കാൻ പരിശീലിച്ചു. അണ്ണാ കർവേ എന്നൊരു യുവാവും ജാക്സനെ വധിക്കാൻ തയ്യാറെടുക്കുന്നുണ്ടായിരുന്നു. 1909 ഡിസംബർ 21ന് നാസികിലെ വിജയാനന്ദ നാട്യഗൃഹത്തിൽ അനന്ത കാൻഹേരേ, ജാക്സനെ വെടിവെച്ചുകൊന്നു. വിനായക ദേശ്പാണ്ഡേ, അണ്ണാ കർവേ, അനന്തകാൻഹേരേ എന്നിവർക്ക് വധശിക്ഷ വിധിക്കപ്പെട്ട് 1910 ഏപ്രിൽ 19ന് അവരെ തൂക്കിലേറ്റി.

# പാകിസ്താനിൽ ന്യൂനപക്ഷവേട്ട തുടരുന്നു

**ഇസ്ലാമാബാദ്:** പാകിസ്താനിൽ വീണ്ടും ന്യൂനപക്ഷങ്ങൾക്ക് നേരെയുള്ള ആക്രമണങ്ങൾ വർദ്ധിക്കുന്നു. ഹിന്ദു വ്യവസായിയെ അക്രമികൾ വെടിവെച്ച് കൊന്നു. സിന്ധ് പ്രവിശ്യയിലെ ഗോട്കി ജില്ലയിൽ ദഹാർകിയിലാണ് സംഭവം. സദൻലാൽ എന്നയാളെയാണ് വെടിവെച്ച് കൊലപ്പെടുത്തിയത്. തിങ്കളാഴ്ചയാഴ്ചയായിരുന്നു സംഭവം. സദൻ ലാലിന്റെ സ്ഥലത്ത് കോട്ടൺ ഫാക്ടറിയും ഫ്ളെവർ മില്ലും ഉദ്ഘാടനം ചെയ്യുന്നതിനിടെ അക്രമികൾ എത്തി അയാളെ വെടിവെച്ച് കൊല്ലുകയായിരുന്നു.

ആഘോഷത്തിന്റെ ഭാഗമായി നടത്തുന്ന വെടിവെപ്പാണെന്നാണ് ആദ്യം കരുതിയതെന്നും പിന്നീടാണ് സദൻ ലാൽ കൊല്ലപ്പെട്ടെന്ന് മനസിലായത് എന്നും ദൃക്സാക്ഷികൾ പറയുന്നു. സദൻ ലാലിന്റെ രണ്ടേക്കർ സ്ഥലവുമായി ബന്ധപ്പെട്ട് ഏറെ നാളായി പ്രശ്നങ്ങൾ നിലനിൽക്കുകയാണ്. അതിന്റെ പേരിൽ നിരവധി പേർ സദനെ ഭീഷണിപ്പെടുത്തിയിരുന്നു. പാകിസ്താൻ വിട്ട് പോകണമെന്നും ഇല്ലെങ്കിൽ കൈയും കാലും വെട്ടുമെന്നുമാണ് അക്രമികൾ ഭീഷണി മുഴക്കിയത്. ഇത് വിശദീകരിച്ചുകൊണ്ട് സദൻ ലാൽ വീഡിയോയും ചെയ്തിരുന്നു. താൻ ഒരിക്കലും തല കുനിക്കില്ല എന്നാണ് ധൈര്യത്തോടെ ഇയാൾ വീഡിയോയിൽ പറഞ്ഞത്. എട്ട് വർഷങ്ങൾക്ക് മുമ്പും ഇയാൾക്ക് നേരെ ആക്രമണങ്ങൾ നടന്നിരുന്നു. സംഭവത്തിന് പിന്നാലെ പാകിസ്താനിലെ ഹിന്ദു സംഘടനകൾ റോഡ് ഉപരോധിച്ച് പ്രതിഷേധം നടത്തി. തുടർന്ന് പ്രതികളെ പിടികൂടി എന്നാണ് പോലീസ് പറയുന്നത്.

# മൻ കീ ബാത്



**കഥയുടെ കഥ പറഞ്ഞ മൻ കീ ബാത് അറുപത്തൊൻപതാം പതിപ്പിലാണ് പ്രധാനമന്ത്രി മാലിക്കാരൻ സെയ്ദു ദെംബലെയെ പരിചയപ്പെടുത്തിയത്. ഭാരതത്തോടും ഭാരതത്തിന്റെ കഥകളോടും സിനിമയോടും പാട്ടുകളോടും കടുത്ത ആരാധനയുള്ള ദെംബലെ 2020 സപ്തംബറിലെ മൻ കി ബാതിൽ പ്രധാനമന്ത്രിയുമായി സംസാരിച്ചു.**

# മാലിയുടെ 'ഇന്ത്യൻ ബാബു'

**പ**ടിഞ്ഞാറൻ ആഫ്രിക്കയിലെ കിതസിറ്റി സ്കൂളിലെ അദ്ധ്യാപകനാണ് ദെംബലെ. സിനിമാ തീയറ്റർ ജീവനക്കാരനായ അച്ഛനാണ് ഇന്ത്യൻ സിനിമകളുടെ കഥകൾ ദെംബലെയ്ക്ക് പറഞ്ഞുകൊടുത്തത്. പാടിപ്പതിഞ്ഞ ഹിന്ദി സിനിമാപ്പാട്ടുകൾ ദെംബലെയ്ക്ക് ഹരമായി. ഉച്ചാരണം ശരിയായില്ലെങ്കിലും ഈണത്തിൽ അത് പാടിനടന്ന കാലം. പിന്നെ ഇന്ത്യയെ അറിയണമെന്ന് ആഗ്രഹമായി.




വർഷങ്ങൾക്കിപ്പുറം പ്രയാഗയിൽ കുംഭമേളയിൽ പങ്കെടുക്കാൻ അവസരം കിട്ടിയപ്പോൾ ജീവിതം ധന്യമായെന്ന് ദെംബലെ ലോകത്തോട് വിളിച്ചുപറഞ്ഞു. മാലി റേഡിയോയിൽ ഉച്ചനേരത്ത് ഇന്ത്യ ഫ്രീക്വൻസി എന്ന പരിപാടിയിലൂടെ ബോളിവുഡ് ഗാനങ്ങൾ അവതരിപ്പിച്ചുകൊണ്ട് ദെംബലെ മാലിക്ക് ഇന്ത്യൻ ബാബു ആയി. മാലിക്കാർ ലതാ മങ്കേഷ്കറെയും മുഹമ്മദ് റാഫിയെയും കേട്ടത് ഇന്ത്യൻ ബാബുവിലൂടെയാണ്. ഞായറാഴ്ച തോറും രാവിലെ 9 മണിക്ക് ഭാരതീയ കഥകളുമായി വീണ്ടും ദെംബലെ പ്രേക്ഷകർക്ക് ഗുരുവായി....

കഥ പറയലിന്റെ ദെംബലെ മാതൃകകൾക്കൊപ്പം ഭാരതത്തിലെ പ്രമുഖ കഥ പറച്ചിലുകാരെയും പ്രധാനമന്ത്രി ആ ഹൃദയസംവാദത്തിൽ പരിചയപ്പെടുത്തി. മറാഠിയിൽ വൈശാലി വ്യവഹാരേ ദേശ്പാണ്ഡെ എന്ന ഗാഥാ വെബ്സൈറ്റ് പരിചയപ്പെടുത്തിയ അമർ വ്യാസ്, ചെന്നൈയിലെ കഥാലയ നടത്തുന്ന ശ്രീവിദ്യ വീരരാഘവൻ, ബംഗളുരുവിൽ സ്റ്റോറി ടെല്ലിങ് സൊസൈറ്റി നടത്തുന്ന അപർണ അത്രേയ, അപർണ ജയശങ്കർ, ശൈലജ സമ്പത്ത്, സൗമ്യ ശ്രീനിവാസൻ എന്ന നാലംഗം സംഘം.....

കൃഷ്ണനും രാമനും മാത്രമല്ല, കൃഷ്ണദേവരായരും തെന്നാലിരാമനും ഒക്കെ ചൈതന്യവും സംസ്കാരവും മുറന്ന കഥകളായി കുട്ടികളിലേക്കും നാടിന്റെ ഭാവിയിലേക്കും പകരേണ്ട മൂല്യങ്ങളാണെന്ന് ഓർമ്മിപ്പിക്കുകയാണ് ഈ കഥക്കൂട്ടുകാർ.

# അയിരൂർ – ചെറുകൊൽപ്പുഴ ഹിന്ദുമതപരിഷത്ത്

**ശ്രീ** വിവേകാനന്ദ സ്വാമികളുടെ കേരള സന്ദർശനമാണ് കേരളത്തിലെ സാമൂഹിക നവോത്ഥാന പ്രവർത്തനങ്ങൾക്കു ശക്തി പകർന്നത്. ഇവിടുത്തെ അന്ധവിശ്വാസങ്ങളും, അനാചാരങ്ങളും കണ്ടു കേരളം ഭ്രാന്താലയമാണെന്ന അദ്ദേഹത്തിന്റെ പരാമർശം കേരളീയ മനഃസാക്ഷിയോടുള്ള ചോദ്യമായിരുന്നു. സാഹചര്യങ്ങൾ മുതലെടുത്തു മതപരിവർത്തനശക്തികൾ ഹിന്ദുക്കളെ വ്യാപകമായി മതം മാറ്റിക്കൊണ്ടുമിരുന്നു. സന്ദർശനമദ്ധ്യേ ശ്രീ വിദ്യാധിരാജ ചട്ടമ്പി സ്വാമികളുമായി വിവേകാനന്ദ സ്വാമികൾ ദീർഘനേരം ചർച്ചകൾ നടത്തി. ഹൈന്ദവ ധർമ്മത്തിന്റെ ശരിയായ പ്രചരണം ആവശ്യമാണെന്ന തീരുമാനത്തിലാണ് ചർച്ചകൾ അവസാനിച്ചത്. അതിന്റെ ആവിഷ്കാരമായിരുന്നു അയിരൂർ ചെറുകൊൽപ്പുഴ ഹിന്ദുമത പരിഷത്ത്.

പത്തനംതിട്ട ജില്ലയിലെ എഴുമറ്റൂരിൽ ചട്ടമ്പി സ്വാമികളുടെ ഷഷ്ഠിപൂർത്തിയോടാനുബന്ധിച്ചു നിർമ്മിക്കുന്ന ആശ്രമത്തിന്റെ ശിലാസ്ഥാപനത്തിൽ പങ്കെടുക്കുവാൻ പോകുന്ന വഴി സ്വാമികൾ അയിരൂരിൽ എത്തി. തിരുവിതാംകൂറിലെ പൊതു സാമൂഹീക സാഹചര്യം മനസ്സിലാക്കിയ സ്വാമികൾ തന്റെ പ്രമുഖ ശിഷ്യനായ ശ്രീ തീർത്ഥപാദ പരമഹംസ സ്വാമികളെ അയിരൂരിൽ കേന്ദ്രീകരിച്ചു പ്രവർത്തിക്കുവാൻ നിയോഗിച്ചു.

നായർ സർവിസ് സൊസൈറ്റി രൂപീകരിക്കുന്നതിനും മൂന്നു വർഷം മുൻപ് അയിരൂർ പ്രദേശത്തുള്ള ഉത്പതിഷ്ണുക്കളായുള്ള നായർസമുദായ അംഗങ്ങൾ മുൻകൈയെടുത്തു നായർ സമാജം രൂപീകരിച്ചിരുന്നു. ഇതിന്റെ രണ്ടാമത് വാർഷിക സമ്മേളനത്തിലെ മുഖ്യ പ്രഭാഷകൻ ശ്രീ തീർത്ഥപാദ പരമഹംസ സ്വാമികൾ ആയിരുന്നു. അയിരൂർ മണപ്പുറത്ത് ഹിന്ദുമത പ്രഭാഷണങ്ങൾ ഉൾക്കൊള്ളുന്ന മഹാജനയോഗം നായർ സമാജത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കണമെന്ന് അദ്ദേഹം നിർദ്ദേശിക്കുകയുണ്ടായി. ഈ നിർദ്ദേശം ഏറ്റെടുത്ത നായർ സമാജപ്രവർത്തകർ അയിരൂരിന് സമീപകരകളിലുള്ള ഹൈന്ദവരെ വിളിച്ചുകൂട്ടി. ആ യോഗത്തിന്റെ തീരുമാനപ്രകാരം കൊല്ലവർഷം 1086 കുംഭം6 (1911) മുതൽ അയിരൂർ മണപ്പുറത്തു പന്തൽകെട്ടി ഒരാഴ്ചക്കാലം നീണ്ടുനിൽക്കുന്ന ഹൈന്ദവ യോഗങ്ങൾ നടത്തുവാൻ തുടങ്ങി. ഈ സമ്മേളനങ്ങളിൽ എല്ലാ ഹിന്ദുസമൂഹങ്ങളും പങ്കെടുത്തിരുന്നു. തൊട്ടാവള്ളിൽ നാരായണനാശാൻ, പുല്ലുവിഴ രാമപ്പണിക്കർ, ചിറ്റേടത്തു ശങ്കുപ്പിള്ള, മണ്ണൂർ താഴത്തേതിൽ നീലകണ്ഠപിള്ള എന്നിവരായിരുന്നു ആദ്യകാല പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത്. കൊട്ടാരക്കര സദാനന്ദാശ്രമം മഠാധിപതിയും വാഗ്മിയുമായ ശ്രീ സദാനന്ദസ്വാമികൾ, മഹാപ്രസാദ സ്വാമികൾ, തീർത്ഥപാദ പരമഹംസ സ്വാമികൾ, ദയാനന്ദ സ്വാമികൾ, ആഗമാനന്ദ സ്വാമികൾ തുടങ്ങിയ സന്ന്യാസി ശ്രേഷ്ടന്മാരുടെ ഉജ്ജ്വലമായ മാർഗ്ഗനിർദ്ദേശങ്ങൾ സാമൂഹിക പരിവർത്തനത്തിനു കളമൊരുക്കി. അക്കാലത്തു അയിരൂർ പുതിയകാവ് ക്ഷേത്രത്തിൽ സമീപകരകളിലെ ആൾക്കാർ മത്സരിച്ചു നടത്തുന്ന തേരും കുതിരയും വെടിക്കെട്ടും പ്രസിദ്ധമായിരുന്നു. ഇതിലൂടെ ഹൈന്ദവസമൂഹം കടക്കെണിയിലും സംഘർഷത്തിലും പെട്ടിരുന്നു. ഈ ധൂർത്തും ആഡംഭരവും സംഘർഷങ്ങളും അവസാനിപ്പിച്ചു, തേരിന്റെയും കുതിരയുടെയും തടികൾ അറത്തു മണപ്പുറത്തു പന്തൽക്കെട്ടി ഹിന്ദുമത സമ്മേളനങ്ങൾ സംഘടിപ്പിച്ചു ധർമ്മപ്രചരണം നടത്തിയത് അന്നത്തെ വലിയ സാമൂഹിക വിപ്ലവമായിരുന്നു.

ശബരിമല തീവെയ്പ്പുകേസും, ശ്രീ മന്നം – ആർ.ശങ്കർ മാരുടെ നേതൃത്വത്തിൽ രൂപംകൊണ്ട ഹൈന്ദവ മുന്നേറ്റങ്ങളും ഹിന്ദു സമ്മേളനത്തിന്റെ പ്രസക്തിയും സ്വാധീനവും വർദ്ധിപ്പിച്ചു.1954ൽ കൂടിയ ഹൈന്ദവ മഹാജനയോഗത്തിന്റെ തീരുമാന പ്രകാരം സമ്മേളനത്തിന്റെ നടത്തിപ്പ് സംഘടനയായി ഇന്നറിയപ്പെടുന്ന ഹിന്ദു മഹാമണ്ഡലം എന്ന മാതൃസംഘടനയും അതിന്റെ പ്രവർത്തനവേദിയായി അയിരൂർ – ചെറുകൊൽപ്പുഴ ഹിന്ദുമതപരിഷത്തും നിലവിൽ വന്നു.

എല്ലാ വർഷവും നടക്കുന്ന ഏഷ്യയിലെ ഏറ്റവും വലിയ ഹിന്ദുമത സമ്മേളനമായ ഹിന്ദുമത പരിഷത്തിന്റെ 110–മത് സമ്മേളനം ആണ് ഇത്തവണ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ഓൺലൈൻ സഹായത്തോടെ നടക്കുന്നത്. 108–ാമത് സമ്മേളനത്തെ തുടർന്ന് കേരളത്തിലെ എല്ലാ ജില്ലകളിലും പ്രാദേശിക സമിതികൾ രൂപീകരിച്ചു മതപരിഷത്തിലേക്കു കൂടുതൽ ആൾക്കാരെ പങ്കെടുപ്പിക്കുവാനുള്ള പരിശ്രമങ്ങളും നടന്നു വരുന്നു. ഭാരതത്തിലെ പ്രമുഖമായ ആശ്രമങ്ങളിലെ മഠാധിപതിമാരും സന്ന്യാസി ശ്രേഷ്ഠന്മാരും ധർമ്മവിചക്ഷണൻമാരും മഹത്തുക്കളും, ആദ്ധ്യാത്മീക ആചാര്യന്മാരും സാമുദായിക–സാംസ്കാരിക മേഖലകളിലെ മഹത്തുക്കളും, സാങ്കേതിക വിദഗ്ദ്ധരും, ഭരണകർത്താക്കളും പരിഷത്തിന്റെ ഭാഗമായി സമൂഹത്തിനു സത്ചിന്തകൾ പകർന്നുനൽകുന്നു.

**പി.ആർ. ഷാജി**

# ജയിച്ചവൾ നാദിയ

**പ**ന്ത് തട്ടി എതിർ ഗോൾമുഖത്തേക്ക് പാഞ്ഞുകയറുകയും ഗോൾ വല കുലുക്കുകയും ചെയ്ത ശേഷം ഗാലറിയുടെ ആരവങ്ങളിലേക്ക് ഓടിക്കയറി അവൾ ഉയർത്തുന്ന കരങ്ങളിൽ ആ ഡാനിഷ് ഭാഷയിൽ അക്ഷരങ്ങൾ തെളിഞ്ഞു കാണാം. Veni Vidi Vici (വന്നു കണ്ടു കീഴടക്കി). പതിനൊന്നാം വയസ്സിൽ മൂന്ന് അനുജത്തിമാരുമായിതുടങ്ങി പലായനത്തിന്റെ കഥയാണ് ഡെൻമാർക്ക് ഫുട്ബോളിന്റെ തലപ്പൊക്കമായി മാറിയ ഡോ. നാദിയ നദീമി ന്റേത്.



കാബൂളിലെ ഹെറാത്തിൽ 1988 ജനുവരി 2ന് അഫ്ഗാൻ സൈനികനായ റബേനഖാന്റെയും സ്കൂൾ ടീച്ചറായ ഹമിദയുടെയും മകൾ. 90കളുടെ അവസാനത്തിലാണ് താലിബാൻ അഫ്ഗാനിൽ അധികാരം പിടിച്ചത്. ഇസ്ലാമിക നിയമം വന്നതോടെ സ്വാതന്ത്ര്യമില്ലാതായി. പെൺകുട്ടിക്ക് പുറത്തിറങ്ങാൻ പറ്റാതായി. വീട്ടിനുള്ളിലും മുഖം മറച്ച് നടക്കേണ്ടിവന്നു.

അവർ നാദിയയുടെ അച്ഛനെ കൊന്നു. പിന്നെ പലായനത്തിന്റെ നാളുകളായിരുന്നു. ആദ്യം കറാച്ചിയിലേക്ക്, പിന്നെ ഇറ്റലിയിലേക്ക്, ഒടുവിൽ ഡെൻമാർക്കിലെ അഭയാർത്ഥിക്യാമ്പിൽ. ജീവിതത്തിന്റെ ഇരുളിൽ നിന്ന് നാദിയയും സഹോദരിമാരും വെളിച്ചത്തിലേക്ക് മെല്ലെ കടന്നത് പന്ത് കളിച്ചും പഠിച്ചുമായിരുന്നു. നാദിയയ്ക്ക് ഒറ്റയ്ക്ക് നടന്നാൽ പോരായിരുന്നു. താഴെയുള്ള സഹോദരിമാരെയും കൈപിടിച്ചു കയറ്റുകയും വേണമായിരുന്നു. നൂൽപ്പാലത്തിലൂടെയായിരുന്നു നാദിയയുടെ മുന്നോട്ടുള്ള നടത്തം.

അഭയാർത്ഥി ക്യാമ്പിൽനിന്ന് ഡെൻമാർക്കിന്റെ പൗരത്വത്തിലേക്കുള്ള കടമ്പ കടന്നതോടെ നാദിയയുടെ കാൽവേഗം അവളെ വെളിച്ചത്തിലേക്ക് എത്തിച്ചു. പന്ത് തട്ടി അവൾ കളത്തിലും ജീവിതത്തിലും മുന്നേറി. പഠിച്ച് ഡോക്ടറായി. അനുജത്തിമാരിലൊരാളെ ഡോക്ടറാക്കി. മറ്റ് രണ്ട് പേരെ നഴ്സുമാരാക്കി. ഡാനിഷ് ക്ലബുകളിൽ മാറി മാറിക്കളിച്ച് നേടിയ സമ്പാദ്യമാണ് നാദിയയ്ക്ക് കരുത്തായത്. രാജ്യത്തിന് വേണ്ടി 99 മത്സരങ്ങൾ. 38 ഗോളുകൾ. രണ്ട് തവണ മികച്ച കായികതാരമെന്ന ഡാനിഷ് ബഹുമതി. യുനസ്കോയുടെ ഗുഡ്‌വിൽ അംബാസഡറായി. ഖത്തറിൽ നടക്കാൻ പോകുന്ന ലോകകപ്പിന്റെ പ്രചാരകയായി. ലോകത്തെ ഏറ്റവും കരുത്തരായ പെൺ കായികപ്രതിഭകളുടെ ഫോബ്സ് പട്ടികയിൽ ആദ്യപത്തിലിടം പിടിച്ചു.

തോറ്റുപോകുമായിരുന്ന ഒരു ജീവിതത്തെയാണ് നാദിയ ഇത്രമേൽ മനോഹരമാക്കിയത്. തോറ്റുപോയി എന്ന് വിലപിക്കുന്നവർക്ക് ഇതൊരു പാഠവും മാതൃകയുമാണ്.

# സൂര്യനമസ്കാരം ദിനചര്യയുടെ ഭാഗം: സർസംഘചാലക്

**നാഗ്പൂർ:** സൂര്യനമസ്കാരം ദിനചര്യയുടെ ഭാഗമാക്കണമെന്ന് ആർഎസ്എസ് സർസംഘചാലക് ഡോ. മോഹൻ ഭാഗവത്. വ്യക്തിയെന്ന നിലയിലും സമൂഹത്തിലെ അംഗമെന്ന നിലയിലുമുള്ള പരിപോഷണത്തിന് സൂര്യനമസ്കാരം അനിവാര്യമാണെന്നും അദ്ദേഹം പറഞ്ഞു. സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികത്തിന്റെ ഭാഗമായി നടന്ന സൂര്യനമസ്കാര മഹായജ്ഞത്തിന്റെ സമാപന പരിപാടിയിൽ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. ശരീരവും ബുദ്ധിയും മനസ്സും പ്രകാശപൂരിതമാക്കാൻ സൂര്യസപര്യ സഹായിക്കും. സത്യവും ധർമ്മവും കൈവരിക്കാൻ സൂര്യസപര്യയിലൂടെ സാധിക്കുമെന്നും മോഹൻ ഭാഗവത് കൂട്ടിച്ചേർത്തു.

# സൂര്യനമസ്കാരം സ്കൂളിൽ വേണ്ട; കോൺഗ്രസ് എംഎൽഎ

**ഭോപ്പാൽ:** സർക്കാർ വിദ്യാഭ്യാസസ്ഥാപനങ്ങളിൽ സൂര്യനമസ്കാരം നടത്തുന്നതിനെതിരെ ഭോപ്പാൽ കോൺഗ്രസ് എംഎൽഎ ആരിഫ് മസൂദ് മധ്യപ്രദേശ് ഹൈക്കോടതിയിൽ ഹർജി നൽകി. ഹർജി 2022 ഫെബ്രുവരി 8 ന്പരിഗണിക്കും. ആസാദി കാ അമൃത് മഹോത്സവത്തിന്റെ ഭാഗമായാണ് ജനുവരി 1 മുതൽ ഫെബ്രുവരി 7 വരെ എല്ലാ സ്കൂളുകളിലും സൂര്യനമസ്ക്കാരം നടത്താൻ സർക്കാർ തീരുമാനിച്ചത്. എന്നാൽ സൂര്യ നമസ്കാരം ഇസ്ലാമിക തത്വങ്ങൾക്ക് വിരുദ്ധമാണെന്നാണ് കോൺഗ്രസ് എംഎൽഎ ആരിഫ് മസൂദ് ഹർജിയിൽ പറയുന്നത്. ഇസ്ലാമിക തത്വങ്ങൾക്കും ഭരണഘടനയ്ക്കും വിരുദ്ധമായ സൂര്യനമസ്കാര പരിപാടിയിൽ പങ്കെടുക്കാൻ ഉന്നത വി ദ്യാഭ്യാസ സ്ഥാപനങ്ങളോടും അഫിലിയേറ്റഡ് കോളേജുകളോടും യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ നിർദ്ദേശിച്ചതായി കോൺഗ്രസ് എംഎൽഎ ഹർജിയിൽ പറയുന്നു. സൂര്യനമസ്കാരം സൂര്യാരാധനയായി കണക്കാക്കപ്പെടുന്നു. സൂര്യനെ ആരാധിക്കുന്നത് ഇസ്ലാമിന് എതിരാണ്. സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഒരു പ്രത്യേക മതം പഠിപ്പിക്കാനോ ഒരു വിഭാഗത്തിന്റെ വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ ആഘോഷങ്ങൾ സംഘടിപ്പിക്കാനോ ഭരണഘടന അനുവദിക്കുന്നില്ലെന്നും ഹർജിയിൽ പറയുന്നു. ഇന്ത്യ ഒരു മതേതര രാജ്യമായതിനാൽ ഒരു വ്യക്തിയുടെ സ്വാതന്ത്ര്യത്തിനും മതസ്വാതന്ത്ര്യത്തിനുമുള്ള അവകാശത്തെ ഹനിക്കുന്നതാണ് ഈ വിജ്ഞാപനം. അവരുടെ ഇച്ഛയോ, സമ്മതമോ ഇല്ലാതെ ആരുടെ മേലും ഇത്തരം കാര്യങ്ങൾ അടിച്ചേൽപ്പിക്കാൻ അനുവദിക്കരുത്. സൂര്യനെ ദൈവമായി ആരാധിക്കുന്നത് ഇസ്ലാമിൽ അനുവദനീയമല്ലാത്തതിനാൽ സർക്കാർ ഉത്തരവ് പിൻവലിക്കണമെന്നും ഹർജിയിൽ ചൂണ്ടിക്കാട്ടുന്നു.

മധ്യപ്രദേശ് സംസ്ഥാന സർക്കാർ, പതഞ്ജലി യോഗപീഠം, ഹാർട്ട്ഫുൾനെസ് ഇൻസ്റ്റിറ്റ്യൂട്ട്, എൻവൈഎസ്എഫ് നാഷണൽ യോഗാസന സ്പോർട്സ് ഫെഡറേഷൻ, ഗീത പരിവാർ, ആയുഷ് മന്ത്രാലയം, വിദ്യാഭ്യാസ മന്ത്രാലയം, വിദേശകാര്യ മന്ത്രാലയം, എന്നിവരുടെ തീരുമാനത്തെയും ഹർജിക്കാരൻ ചോദ്യം ചെയ്തു.

ഇസ്ലാമിസ്റ്റ് ഭീകരർക്കെതിരെ കർശന നടപടിയെടുത്തതിൽ പ്രതിഷേധിച്ച് ഫ്രഞ്ച് പ്രസിഡന്റ് മാക്രോണിനെതിരെ ഇഖ്ബാൽ ഗ്രൗണ്ടിൽ ആരിഫ് മസൂദ് പ്രതിഷേധ പരിപാടി സംഘടിപ്പിച്ചിരുന്നു. മതവികാരം വ്രണപ്പെടുത്തിയെന്നാരോപിച്ച് അന്ന് ഇയാൾക്കെതിരെ കേസെടുത്തിരുന്നു.

# 370 റദ്ദാക്കിയ ശേഷം കൊന്നുതള്ളിയത് 439 ഭീകരരെ

**ന്യൂഡൽഹി:** ജമ്മു കശ്മീരിന് പ്രത്യേക പദവി നൽകിയിരുന്ന ഭരണഘടനയിലെ വ്യവസ്ഥയായ ആർട്ടിക്കിൾ 370 റദ്ദാക്കിയതിന് ശേഷം ഇതുവരെ 439 ഭീകരരെ വധിച്ചുവെന്നും കേന്ദ്രഭരണപ്രദേശത്ത് 541 ഭീകരാക്രമണ സംഭവങ്ങൾ രജിസ്റ്റർ ചെയ്തതായും ആഭ്യന്തര സഹമന്ത്രി നിത്യാനന്ദ്റായ് രാജ്യസഭയെ അറിയിച്ചു. രാജ്യസഭയിൽ നീരജ് ഡാങ്കി എംപി ഉന്നയിച്ച ചോദ്യത്തിന് ഉത്തരമായാണ് ആഭ്യന്തര സഹമന്ത്രി രേഖാമൂലം മറുപടി നൽകിയത്. ആർട്ടിക്കിൾ 370 പിൻവലിച്ചതിന് ശേഷം 2019 ഓഗസ്റ്റ് അഞ്ച്മുതൽ 2022 ജനുവരി 26 വരെ ജമ്മു കശ്മീരിൽ 541 ഭീകരാക്രമണങ്ങൾ ഉണ്ടായി. 439 ഭീകരരെ വധിക്കുകയും ചെയ്തു. 98 സാധാരണക്കാർക്ക് ജീവൻ നഷ്ടമായപ്പോൾ 109 സൈനികർ വീരമൃത്യു വരിക്കുകയും ചെയ്തുവെന്നും മറുപടിയിൽ ആഭ്യന്തര സഹമന്ത്രി പറയുന്നു. ആർട്ടിക്കിൾ 370 റദ്ദാക്കിയതിന് ശേഷം 2019 ഓഗസ്റ്റ് മുതൽ 2022 ജനുവരി വരെയുള്ള കാലയളവിൽ ജമ്മുകശ്മീരിൽ 541 ഭീകരാക്രമണങ്ങൾ മാത്രമാണ് റിപ്പോർട്ട് ചെയ്തത്. കൂടാതെ, 439 ഭീകരരെ ഉന്മൂലനം ചെയ്യുകയും ചെയ്തു. പല ഏറ്റുമുട്ടലുകളിലായി 98 സാധാരണ പൗരന്മാർക്കും 109 സുരക്ഷസേന അംഗങ്ങൾക്കും ജീവൻ നഷ്ടപ്പെട്ടു. നിത്യാനന്ദ റായ് പറഞ്ഞു. ഭീകര ആക്രമണങ്ങളിൽ പൊതുമുതലുകൾ കാര്യമായി നശിച്ചിട്ടില്ലെന്നും ആഭ്യന്തര മന്ത്രാലയം അറിയിച്ചു. എന്നാൽ 5.3 കോടിയുടെ സ്വകാര്യ സ്വത്തുക്കൾ നശിച്ചിട്ടുണ്ടെന്നും മന്ത്രാലയം കൂട്ടിച്ചേർത്തു. ബജറ്റ് സമ്മേളനത്തിന്റെ ആദ്യഭാഗത്തിൽ ഉന്നയിച്ച ചോദ്യങ്ങൾക്ക് ഉത്തരമായാണ് ഇക്കാര്യങ്ങൾ അറിയിച്ചത്. കഴിഞ്ഞ ഒരു മാസത്തിനിടെ 11 ഏറ്റുമുട്ടലുകളിൽ 8 പാക്കിസ്താൻകാർ അടക്കം 21 ഭീകരരെയാണു സുരക്ഷാസേന വധിച്ചത്. കശ്മീ രിലെ ഭീകരരുടെ എണ്ണം 200 ൽ താഴെയാക്കാൻ സാധിച്ചതായും ഐജി വിജയ്കുമാർ അറിയിച്ചിരുന്നു. പാക്ക് ഭീകരസംഘടനയായ ജയ്ഷെ മുഹമ്മദ് കമാൻഡർ സഹീദ്വാനി അടക്കം അഞ്ച്ഭീകരരെയാണ് കശ്മീരിൽ സുരക്ഷാസേന കഴിഞ്ഞദിവസം വധിച്ചത്.

# പര്യാവരൺ യൂത്ത് പാർലമെന്റിലേക്ക് കേരളവും



**കൊച്ചി:** പരിസ്ഥിതി രംഗത്തെ സംയോജനത്തിന്റെ ഭാഗമായ പര്യാവരൺ യൂത്ത് പാർലമെന്റിലേക്ക് കേരളത്തിന്റെ പ്രാതിനിധ്യം. ഏപ്രിൽ മാസത്തിൽ കേന്ദ്രപരിസ്ഥിതി ജലവായു മന്ത്രാലയങ്ങളുടെ നേതൃത്വത്തിൽ നടക്കുന്ന പര്യാവരൺ യൂത്ത് പാർലമെന്റ് പരിപാടിയിലേക്കാണ് തെരഞ്ഞെടുപ്പ്. ഇന്റൺഷിപ്പിൽ പങ്കെടുത്ത എറണാകുളം ഇടപ്പള്ളി സ്വദേശിനി ആഗ്നസ് ഫ്രാൻസിസ്, തിരുവനന്തപുരം വീരണകാവ് സ്വദേശിനി അഞ്ജു കൃഷ്ണ.എം.എസ് എന്നിവരാണ് ദേശീയ തലത്തിലെ സെമിനാറിൽ പങ്കെടുക്കുന്നത്.

ദക്ഷിണേന്ത്യയെ പ്രതിനിധീകരിച്ചാണ് കേരളത്തിലെ രണ്ട് യുവ വിദ്യാർത്ഥിനികൾ തെരഞ്ഞെടുക്കപ്പെട്ടത്. അഖിലേന്ത്യാ തലത്തിൽ 45 കേന്ദ്രങ്ങളിൽ നിന്നും പങ്കെടുത്ത 250 ലേറെ വിദ്യാർത്ഥികളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന 20 പേർക്കാണ് പാർലമെന്റിൽ പരിസ്ഥിതി സംരക്ഷണ സെമിനാറിൽ അവസരം ലഭിക്കുന്നത്.

എറണാകുളം തേവര സേക്രട്ട് ഹാർട്ട് കോളേജിൽ നിന്നും പരിസ്ഥിതി ശാസ്ത്ര വിഷയത്തിൽ ബിരുദാനന്തര ബിരുദ ധാരിണിയാണ് ആഗ്നസ്. നിലവിൽ ഗവേഷണ ബിരുദ പ്രവേശനത്തിന് പരിശീലനം നേടിക്കൊണ്ടിരിക്കുന്നു. കൊച്ചിമഹാനഗർ പര്യാവരൺ സംരക്ഷണ ഗതിവിധി കൂട്ടായ്മയിൽ അംഗമാണ്. തിരുവനന്തപുരം സ്വദേശിനി അഞ്ജു കൃഷ്ണ പാറശ്ശാല സി.എസ്.ഐ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലീഗൽ സ്റ്റഡീസിൽ നിന്നും നിയമബിരുദം നേടിയ ശേഷം കേരള ലോ അക്കാദമിയിൽ ബിരുദാനന്തര ബിരുദ വിദ്യാർത്ഥിനിയാണ്. തിരുവനന്തപുരം ഗ്രാമീണ ജില്ല പര്യാവരൺ സംരക്ഷണ ഗതിവിധി കൂട്ടായ്മയുടെ ഭാഗമാണ്. ഇരുവരും പര്യാവരൺ സംരക്ഷണ ഗതിവിധിയുടെ വിദ്യാഭ്യാസ കാര്യവിഭാഗിൽ കേരള സംസ്ഥാന ടീമിന്റെ ഭാഗമായി ബോധവൽക്കരണ പരിശീലന പരിപാടികളുടെ ഭാഗമായിട്ടാണ് പ്രവർത്തിക്കുന്നത്.

ദക്ഷിണേന്ത്യയിലെ കേരളം, തമിഴ്നാട്, കർണ്ണാടകം എന്നീ സംസ്ഥാനങ്ങളിൽ നിന്നുള്ള 30 ലേറെ വിദ്യാർത്ഥികൾക്കിടയിലാണ് ആദ്യ ഘട്ട പരിശീലനം നടന്നത്. ഡിസംബർ മാസം അഞ്ചു ദിവസം നീണ്ടുനിന്ന ഓൺലൈൻ പരിശീലനത്തിനൊടുവിലാണ് പാർലമെന്റി ലേക്കുള്ള തെരഞ്ഞെടുപ്പ് നടന്നത്. വിവിധ പരിസ്ഥിതി വിഷയങ്ങളിലെ പ്രാഥമിക വിവര ശേഖരണം, നഗര-ഗ്രാമീണ മേഖലയിലെ പരിസ്ഥിതി സംരക്ഷണം, കുടുംബങ്ങളിൽ പരിസ്ഥിതി സംരക്ഷണം, പോളിത്തീൻ നിർമ്മാർജ്ജനം എന്നീ വിഷയത്തിലാണ് വിദ്യാർത്ഥികൾ അഞ്ചു ദിവസം ആശയസംവാദവും കർമ്മപദ്ധതിയും ആവിഷ്ക്കരിച്ചത്. കേന്ദ്ര പരിസ്ഥിതി ജലവായു മന്ത്രാലയങ്ങളുടെ നേതൃത്വത്തിൽ ആഗോളതലത്തിലെ കാലാവസ്ഥാ വ്യതിയാന പ്രതിരോധത്തിനായിട്ടാണ് പരിശീലനം നടക്കുന്നത്. ഇന്ത്യ ലോകത്തിന് മുന്നിൽ വച്ചിരിക്കുന്ന കർമ്മപദ്ധതിയുടെ വിവിധ മേഖലയിലെ കാര്യപരിപാടികൾ രൂപീകരിക്കുന്നതിൽ യുവാക്കളുടെ പങ്കാണ് പാർലമെന്റിൽ സെമിനാറിൽ അവതരിപ്പിക്കപ്പെടുക.

## ആൺകുട്ടികളും പെൺകുട്ടികളും ഒന്നിച്ചിരുന്ന് പഠിക്കരുതെന്ന് ഫത്വ

**ന്യൂഡൽഹി:** ദാറുൽ ഉലൂം ദിയോബന്ദ് (Darul Uloom Deoband) വെബ്സൈറ്റ്അടച്ചു പൂട്ടാൻ കോടതി ഉത്തരവ്. ബാലവകാശ നിയമങ്ങൾ ലംഘിക്കുന്ന ഫത്വകൾ ഈയിടെ വെബ്സൈറ്റ് പ്രസിദ്ധീകരിച്ചിരുന്നു. ഇത്തരത്തിലുള്ള നിയമവിരുദ്ധ ഫത്വകൾ പുറപ്പെടുവിച്ചതിന്റെ പേരിലാണ് കോടതി നടപടി. ഉത്തർപ്രദേശിലെ സഹാറൻപൂർ ജില്ലാ മജിസ്ട്രേറ്റിനാണ് ഉത്തരവ് പുറപ്പെടുവി ച്ചത്. ആൺകുട്ടികളും പെൺകുട്ടികളും ഒന്നിച്ചു പഠിക്കുന്ന സ്കൂളിൽ പെൺമക്കളെ പഠിക്കാൻ അനുവദിക്കരുതെന്നാണ് ഒരു ഫത്വ. ജീവജാലങ്ങളുടെ ചിത്രങ്ങളുള്ള പാഠ പുസ്തകങ്ങൾ ഒഴിവാക്കണമെന്നും മുസ്ലീം രക്ഷി താക്കളോട് ആവശ്യപ്പെട്ടുള്ളതാണ് മറ്റൊരു ഫത്വ. ഇതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളാണ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നത്. തുടർന്ന് ദേശീയ ബാലവകാശ കമ്മീഷൻ വിഷയത്തിൽ ഇടപെടുകയും വെബ്സൈറ്റിന് എതിരെ നിയമ നടപടി സ്വീകരിക്കുകയുമായിരുന്നു.

# പരിസ്ഥിതി ബോധവൽക്കരണ സ്കൂൾ തല ക്വിസ്; കേരളത്തിന് ശ്രദ്ധേയ നേട്ടം

**തിരുവനന്തപുരം:** ദേശീയ തലത്തിൽ പരിസ്ഥിതി ബോധവൽക്കരണ സ്കൂൾ തല ക്വിസ് മത്സരത്തിൽ കേരളം 5-ാംസ്ഥാനം നേടി. കേന്ദ്ര പരിസ്ഥിതി കാലാവസ്ഥ മന്ത്രാലയം, കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം എന്നിവയുടെ മാർഗദർശനത്തിൽ നടന്ന മത്സരത്തിലാണ് കേരളം ശ്രദ്ധ നേടിയത്. ഒന്ന് മുതൽ ആറാം ക്ലാസ്സ് വരെ പഠിക്കുന്ന കുട്ടികളുടെ വിഭാഗത്തിലാണ് കേരളം കുട്ടികളെ പങ്കെടുപ്പിച്ചതിലും 80 ശതമാനം മാർക്ക്നേടിയവരിലും ദേശീയ തലത്തിൽ മുൻനിരയിലെത്തിയത്. ഡൽഹി, ഉത്തർപ്രദേശ്, മഹാരാഷ്ട്ര, പഞ്ചാബ് എന്നീ സംസ്ഥാനങ്ങൾക്ക് തൊട്ടു പിന്നാലെയാണ് കേരളം എത്തിയത്. ആകെ മൂന്നു ലക്ഷ്ത്തിപതിനായിരം കുട്ടികളാണ് ഒന്ന്മുതൽ 6-ാം ക്ലാസ്സ് വരെയുള്ള രണ്ടാം വിഭാഗത്തിൽ ദേശീയ തലത്തിൽ പങ്കെടുത്തത്. ആദ്യമായാണ് കേരളം ഈ പരിസ്ഥിതി ക്വിസ് മത്സരത്തിൽ പങ്കെടുക്കുന്നത്. പര്യാവരണ സംരക്ഷണ ഗതിവിധി വിഭാഗത്തിന്റെ വിദ്യാഭ്യാസ കാര്യ വിഭാഗ പ്രവർത്തകരാണ് ക്വിസ് മത്സരം ഓൺലൈൻ സംയോജനം നടത്തിയത്. എല്ലാവിഭാഗത്തിലുമായി 1975 സ്കൂളുകൾ പങ്കെടുത്തു. അഖിലേന്ത്യ തലത്തിൽ 55000 വിദ്യാലയങ്ങളിൽ നിന്നായി എട്ടര ലക്ഷം കുട്ടികളാണ് ക്വിസ് മത്സരത്തിൽ പങ്കാളി ആയത്. ഇക്കോമിത്രം മൊബൈൽ ആപ്പ് വഴി ആണ് സ്കൂളുകളും വിദ്യാർഥികളും പങ്കെടുത്തത്. പ്രമുഖ ഗായിക അനുരാധ പോഡ്വാൾ



മുഖ്യഥിതി ആയിരുന്ന പുരസ്കാര പ്രഖ്യാപന ചടങ്ങിൽ കേന്ദ്ര ജലവായു മന്ത്രാലയം ജോയിന്റ് സെക്രട്ടറി ഡോ. ഗൗരി ശങ്കർ, സിബിഎസ്സി അക്കഡെമിക് ഡയറക്ടർ ഡോ. ജോസഫ് ഇമ്മനുവെൽ, പര്യാവരണ സംരക്ഷണ ഗതിവിധി ദേശീയ സംയോജക്ഗോപാൽ ആര്യ എന്നിവർ സാംബന്ധിച്ചു. ബഹു മതി പത്രം ഡിജിറ്റൽ ആയി എല്ലാവർക്കും ലഭിക്കു മെന്നു സംഘടകർ അറിയിച്ചു.

# കശ്മീരിൽ ശാരദാക്ഷേത്രം ഉയരുന്നു

കശ്മീരിൽ പുതിയ ശാരദാക്ഷേത്രം ഒരുങ്ങുന്നു. കർണാടകയിലെ ശൃംഗേരി ശങ്കരാചാര്യ മഠത്തിന്റെ പിന്തുണയോടെ വടക്കൻ കശ്മീരിലെ കുപ്‌വാര ജില്ലയിലെ തീത്വാൾ പ്രദേശത്ത് നിയന്ത്രണ രേഖയിലാണ് ശാരദാ ദേവിക്ക് പുതിയ ക്ഷേത്രം പണിയുന്നത്. എഡി ആറാം നൂറ്റാണ്ടിൽ നിർമിക്കപ്പെട്ട ശാരദാ ക്ഷേത്രമായ സർവജ്ഞ പീഠത്തിലേക്കുള്ള വഴിയുടെ മധ്യത്തിൽ കിഷൻ ഗംഗ നദിയുടെ തീരത്താണ്ക്ഷേത്രം നിർമ്മിക്കുന്നത്. അറിവ്, സംഗീതം, കല, സംസാരം, ജ്ഞാനം, പഠനം എന്നിവയുടെ ഹിന്ദു ദേവതയാണ് ശാരദാ ദേവി . തീത്വാളിലെ ക്ഷേത്രനിർമ്മാണത്തിന് ശൃംഗേരി മഠം പൂർണ്ണ പി ന്തുണ നൽകുമെന്നും ശാരദാ ദേവിയുടെ പുതിയ പഞ്ചലോഹ വിഗ്രഹം പ്രതിഷ്ഠിക്കുമെന്നും ശൃംഗേരി മഠം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ വി. ആർ ഗൗരിശങ്കർ അറിയിച്ചു. പാക്അധീന കശ്മീരിൽ സ്ഥിതിചെയ്യുന്ന, തകർന്നടിഞ്ഞ ഹിന്ദു ക്ഷേത്രവും പുരാതന പഠന കേന്ദ്രവുമാണ് ശാരദ ക്ഷേത്രം. നിർമ്മാണത്തിലിരിക്കുന്ന ശാരദാ ക്ഷേത്രത്തിൽ പ്രതിഷ്ഠിക്കുന്നതിനായി ശ്രീ ശാരദാ പീഠത്തിലുള്ളതിന്റെ പ്രതിരൂപമായ, ശാരദാദേവിയുടെ ഒരു പഞ്ചലോഹ വിഗ്രഹം ശൃംഗേരി മഠം സംഭാവനയായിനൽകും. സിഇആറാം നൂറ്റാണ്ടിനും പന്ത്രണ്ടാം നൂറ്റാണ്ടിനും ഇടയിൽ ഇന്ത്യൻ ഉപ ഭൂഖണ്ഡത്തിലെ ഏറ്റവും പ്രമുഖ ക്ഷേത്ര സർവ്വകലാശാലകളിൽ ഒന്നായിരുന്നു ഇത്. അമൂല്യ ഗ്രന്ഥങ്ങൾ വായിക്കുന്നതിനായി പണ്ഡിതന്മാർ ദീർഘദൂരം സഞ്ചരിച്ച് ഇവിടെ എത്താറുണ്ടായിരുന്നതായി കഥകളിൽ പറയുന്നു.

# ഹിന്ദുത്വത്തിന്റെ പുനരുദ്ധാരകൻ ശ്രീരാമകൃഷ്ണ പരമഹംസർ

**ലോ**കഗതിയിൽ എന്നന്നേക്കുമായി ഇല്ലാതായി പോയേക്കുമോ എന്ന് സംശയം ജനിപ്പിക്കുന്നവിധം ശിഥിലമായ സനാതനധർമ്മത്തെ നവജീവൻ നൽകി സജീവമാക്കിയ മഹാമനീഷിയായിരുന്നു ശ്രീരാമകൃഷ്ണ പരമഹംസർ. അനന്യമായ ഭക്തിയും സമർപ്പണ ബോധവും മാത്രം കൈമുതലാക്കി ഈശ്വരസാക്ഷാത്കാരം എന്ന പരമപദത്തിലേക്ക് ഉയരുവാൻ അദ്ദേഹത്തിന് സാധിച്ചു. സാധാരണക്കാരായിരുന്ന ക്ഷുധീരാമന്റെയും ഭാര്യ ചന്ദ്രമണി ദേവിയുടെയും രണ്ടാമത്തെ മകനായിരുന്നു ശ്രീരാമകൃഷ്ണൻ.

ചെറിയ പ്രായത്തിൽ തന്നെ ആത്മീയതയോട് ആഭിമുഖ്യമുള്ള പ്രകൃതക്കാരനായിരുന്നു ശ്രീരാമകൃഷ്ണൻ. കാളീഘട്ടിലെ ദക്ഷിണേശ്വരം കാളിക്ഷേത്രത്തിൽ പൂജാരി ആയി ജോലിയിൽ പ്രവേശിച്ചു അദ്ദേഹം. അവിടെയും ഈശ്വരനെ നേരിട്ട് ദർശിക്കുവാൻ അദ്ദേഹം പരിശ്രമിച്ചുകൊണ്ടിരുന്നു. ആദ്യമായി കാളിമാതാവിന്റെ ദിവ്യദർശനം ലഭിച്ച കഥ ശ്രീരാമകൃഷ്ണൻ ഇങ്ങനെ പറയുന്നുണ്ട്.

'അമ്മയുടെ ദർശനം ലഭിക്കാത്തതുകൊണ്ട് പ്രാണവേദന അനുഭവിക്കുന്ന സമയം ആയിരുന്നു അത്. ഒരു നനഞ്ഞ വസ്ത്രത്തെ പോലെന്റെ ഹൃദയം പിഴിയപ്പെടുന്നതായി തോന്നി. വല്ലാത്ത ഒരു അസ്വസ്ഥതയും അതോടൊപ്പം ഈ ജീവിതത്തിൽ അമ്മയുടെ ദർശനസൗഭാഗ്യം എനിക്ക് ഒരിക്കലും ലഭിക്കില്ല എന്ന ഭയവും എന്നെ ഗ്രസിച്ചു. ജീവിച്ചിരുന്നിട്ട് കാര്യമില്ല എന്ന് തോന്നി. പെട്ടെന്ന് ക്ഷേത്രത്തിൽ സൂക്ഷിച്ചിരുന്ന വാളിൽ എന്റെ ദൃഷ്ടി പതിഞ്ഞു. ജീവിതം അവസാനിക്കാൻ ഒരു ഭ്രാന്തനെപ്പോലെ ഞാൻ വാളെടുത്തു. മാതാവിന്റെ ദിവ്യസാന്നിധ്യം എനിക്ക് അനുഭവപ്പെടുകയും ചെയ്തു.

ആവശ്യമായ ശിക്ഷണവും പരീക്ഷണവും നടത്താൻ സന്നദ്ധരായവർക്ക് ഈശ്വരദർശനം സാധ്യമാണെന്ന് ശ്രീരാമകൃഷ്ണദേവൻ പറഞ്ഞു. ഒരു കൈയിൽ മണ്ണും മറ്റേ കൈയിൽ ധനവും ആയി അദ്ദേഹം ഗംഗയുടെ തീരത്ത് ഇരിക്കുമായിരുന്നു ഒരുപിടി മണ്ണിനേക്കാൾ വിലയില്ല ധനത്തിന് എന്ന് മനസ്സിലാക്കി മണ്ണ്, പണം, മണ്ണ് ,പണം എന്ന് പറഞ്ഞ് അദ്ദേഹം രണ്ടും ഗംഗയിലേക്ക് എറിയുമായിരുന്നു. ധനത്തിലുള്ള ആസക്തി പാടെ നശിപ്പിക്കുകയായിരുന്നു അദ്ദേഹത്തിന്റെ ഉദ്ദേശം. എനിക്ക് മറ്റുള്ളവരെക്കാൾ മേന്മയുണ്ടെന്ന തോന്നൽ മനസ്സിൽ നിന്ന് ഒഴിവാക്കാൻ സാധാരണതോട്ടികളെപോലെ അദ്ദേഹം അഴുക്കുചാലുകൾ വൃത്തിയാക്കി. ലോകത്തുള്ള സകല വസ്തുക്കളെയും ഈശ്വരന്റെ അംശങ്ങളായി അദ്ദേഹം കണ്ടു.

ശ്രീരാമകൃഷ്ണ പരമഹംസരുടെ ജീവിതത്തിൽ വളരെ പ്രധാനപ്പെട്ട സംഭവമായിരുന്നു വിവേകാനന്ദ സ്വാമികളെ കണ്ടെത്തുന്നത്. തന്റെ അനുഭൂതികളെ അത് മനസ്സിലാക്കാൻ കഴിവുള്ള ഒരാളിലേക്ക് പകരാൻ അദ്ദേഹം കാത്തിരിക്കുകയായിരുന്നു. ആദ്യ ദർശനത്തിൽ തന്നെ അദ്ദേഹം നരേന്ദ്രനെ തിരിച്ചറിഞ്ഞു . നരേന്ദ്രനെ തൊഴുതുകൊണ്ട് അദ്ദേഹം പറഞ്ഞു . 'മനുഷ്യരാശിയുടെ ക്ലേശങ്ങൾക്ക് അറുതി വരുത്തുവാൻ നാരായണന്റെ അവതാരമായ പുരാതന ഋഷി നരൻ ആണ് അങ്ങ് 'നരേന്ദ്രൻ ഒന്നും മനസ്സിലാവാതെ വല്ലാണ്ടായി. പിന്നീട് വരാം എന്ന് വാക്ക്നൽകി മടങ്ങി. ഒരു മാസം കഴിഞ്ഞ് വീണ്ടും ശ്രീരാമകൃഷ്ണദേവന്റെ അടുത്തെത്തിയ നരേന്ദ്രൻ തനിക്കുണ്ടായ അനുഭവത്തെപ്പറ്റി പറഞ്ഞു. 'എന്തോ ഒരു ദിവ്യ ആവേശത്താൽ അദ്ദേഹം പിറുപിറുക്കുന്നുണ്ടായിരുന്നു. തന്റെ വലതുകാൽ എന്റെ ശരീരത്തിൽ വച്ചു. പുതിയ ഒരു അനുഭവം എനിക്ക് ഉണ്ടായി. കണ്ണ് തുറന്നിരിക്കുമ്പോൾ തന്നെ മുറിക്കുള്ളിൽ ഉള്ളതെല്ലാം വേഗം കറങ്ങി അപ്രത്യക്ഷമായി. പ്രപഞ്ചവും എന്റെ വ്യക്തിത്വവും എല്ലാം ശൂന്യതയിൽ ലഭിക്കുന്നതായി ഞാൻ കണ്ടു. മരിക്കാൻ പോവുകയാണോ എന്ന് ഞാൻ സംശയിച്ചു. ഞാൻ നിലവിളിച്ചു. എന്റെ വീട്ടിൽ അച്ഛനുംഅമ്മയും ഉണ്ടെന്ന് കരഞ്ഞു പറഞ്ഞു. അദ്ദേഹം പൊട്ടിച്ചിരിച്ചു. മാറിൽ തല്ലി പറഞ്ഞു . ഇപ്പോൾ ഇത്ര മതി. സമയമാകുമ്പോൾ എല്ലാം ശരിയാകും . അപ്പോൾ ഞാൻ പൂർവസ്ഥിതി പ്രാപിച്ചു.

1889 ഓഗസ്റ്റ് 16ന് ശ്രീരാമകൃഷ്ണൻ മഹാസമാധിയായി. മഹാസമാധിക്ക് നാലഞ്ചു ദിവസം മുമ്പ് അദ്ദേഹം തൻറെ കഴിവുകൾ നരേന്ദ്രന് പകർന്നു കൊടുത്തിരുന്നു. നരേന്ദ്രനെ മുൻപിലിരുത്തി അദ്ദേഹത്തന്റെ മുഖത്തുനോക്കി കൊണ്ട് ഗുരുദേവൻ സമാധിയിൽ ലയിച്ചു. അപ്പോൾ വൈദ്യുതി പോലെ എന്തോ തന്നെ ശരീരത്തിന് കയറുന്നതായി നരേന്ദ്രന് തോന്നി. പിന്നീട് ബോധം വന്നപ്പോൾ ശ്രീരാമകൃഷ്ണൻ കരയുകയായിരുന്നു. അദ്ദേഹം പറഞ്ഞു 'എനിക്കുള്ളതെല്ലാം നിനക്ക് തന്ന് നിന്നെ ഞാൻ ഒരു ഫക്കീറാക്കിയിരിക്കുന്നു. ഈ ശക്തി കൊണ്ട് ലോകത്ത് നന്മകൾ ചെയ്യുക അതിനുശേഷം മാത്രം മടങ്ങുക. പിന്നീട് ലോകത്തെ മുഴുവൻ കീഴ്മേൽ മറിക്കുന്ന വിധം പ്രവർത്തിക്കുവാൻ സ്വാമി വിവേകാനന്ദനെ പ്രാപ്തമാക്കിയത് ഈ ശക്തി വിശേഷമായിരുന്നു.

## സ്വാതന്ത്ര്യസമരത്തിലെ ജ്വലിക്കുന്ന അധ്യായം

**സ്വാ**തന്ത്ര്യ സമരത്തിലെ ജ്വലിക്കുന്ന അധ്യായങ്ങളിലൊന്നായ യാവത്മാലിലെ വനസത്യഗ്രഹത്തിന് സ്മാരകമൊരുങ്ങുന്നു. സ്വതാന്ത്ര്യത്തിന്റെ അമൃതോത്സവം പ്രമാണിച്ചാണ് കേന്ദ്രസർക്കാർ തീരുമാനം. മഹത്മാഗാന്ധി ആഹ്വാനം ചെയ്ത നിയമലംഘന സമരങ്ങളുടെ ഭാഗമായി സംഘസ്ഥാപകൻ ഡോ. കേശവ ബലിറാം ഹെഡ്ഗേവാറിന്റെ നേതൃത്വത്തിൽ വനനിയമം ലംഘിച്ച് നടത്തിയ ഐതിഹാസിക സമരമാണ് വനസത്യഗ്രഹം.

1930ൽ ദണ്ഡിയാത്രയും ഉപ്പുസത്യാഗ്രഹവും ആരംഭിച്ചതോടെ രാജ്യത്തുടനീളം സത്യഗ്രഹ സമരംതുടങ്ങി ഉപ്പുസത്യഗ്രഹം കൊണ്ടുണ്ടായ ദേശീയ മുന്നേറ്റത്തിൽ പങ്കുചേരണമെന്ന് കടലോരമില്ലാത്ത സംസ്ഥാനങ്ങളിലെ രാജ്യസ്നേഹികളും തീരുമാനിച്ചു. മധ്യപ്രവിശ്യയിൽ (ഇന്നത്തെ മധ്യപ്രദേശ്, ഛത്തീസ്ഗഡ്, സംസ്ഥാനങ്ങളും മഹാരാഷ്ട്രയുടെ വടക്കു കിഴക്കൻ ഭാഗങ്ങളും ചേർന്ന പ്രദേശം അന്നത്തെ സെൻട്രൽ പ്രൊവിൻസസ്) ഉപ്പുസത്യഗ്രഹത്തെ ശക്തിപ്പെടുത്താൻ വനസത്യഗ്രഹം ആരംഭിച്ചു. കൃഷിയും അനുബന്ധ തൊഴിലാളികളും വഴി ജീവിതോപനം നടത്തിയിരുന്ന തദ്ദേശീയരായ ഗ്രാമീണരെ ബുദ്ധിമുട്ടിച്ചു കൊണ്ട് 1918ൽ അവരുടെ ഉപയോഗത്തിൽ ഉണ്ടായിരുന്നു വനമേഖലയിലെ മേച്ചിൽപുറങ്ങൾ സർക്കാർ പിടിച്ചെടുത്തു. 1927ലെ വനനിയമം പരമ്പരാഗത വനവാസികളുടെ ജീവിതത്തിൽ സാരമായ പ്രതിബന്ധങ്ങൾ സൃഷ്ടിച്ചിരുന്നു. ആ കാലഘട്ടത്തിൽ ബാലഗംഗാധാരതിലകന്റെ അനുയായി ആയിരുന്ന എം.എസ്. അണേ ഇതിനെതിരെ ശബ്ദമുയർത്തി. 1930ൽ ഡോക്ടർ മുംജെയും ഡോക്ടർ പരാംജപേയും ഡോക്ടർ ഹെഡ്ഗേവാറും ചേർന്ന് ഈ ആശയം സ്വീകരിച്ചുകൊണ്ട് മധ്യപ്രവിശ്യയിലെ ജനങ്ങളെ ഉപ്പുസത്യഗ്രഹത്തിന്റെ ചൂടുംചൂരും ഒട്ടും ചോർന്നു പോവാതെ സ്വാതന്ത്ര്യസമരത്തിൽ അണിനിരത്തി. ഇതിനായി ആസൂത്രണം ചെയ്യപ്പെട്ട സമരപരിപാടിയാണ് വനസത്യഗ്രഹം.

മധ്യപ്രവിശ്യയിലെ വനംവകുപ്പിന്റെ കീഴിൽ 19618 ചതുരശ്ര മൈൽ വനഭൂമി ഉണ്ടായിരുന്നു. വനഭൂമിയിലൂടെ സർക്കാരിനു ലഭിക്കുമായിരുന്ന വരുമാനം തടയുക എന്നതായിരുന്നു. സത്യഗ്രഹത്തിന്റെ ലക്ഷ്യം. നിയന്ത്രിത വനമേഖലയിൽ ചെന്ന് പുല്ലും മരങ്ങളും വെട്ടിമാറ്റി സർക്കാർ നിയമം ലംഘിക്കുക എന്നതായിരുന്നു സമരപരിപാടി. പതിനായിരങ്ങൾ പങ്കെടുത്ത സമരത്തിന് ശേഷം ഡോക്ടർജിയും സഹപ്രവർത്തകരും ജയിലിലായി. ഇക്കാര്യം മുൻകൂട്ടി മനസിലാക്കിയിട്ടായിരുന്നു ഡോക്ടർജി ഡോ.ലക്ഷ്മൺ വാസുദേവ പരാഞ്പേയെ പരംപൂജനീയ സർസംഘചാലകനായി നിയോഗിച്ചത്.

## നമ്മുടെ പരമവൈഭവ സങ്കൽപം പൂജനീയ ഗുരുജിയുടെ കാഴ്ചപ്പാടിൽ

**മാ**നവ സമാജത്തിന്റെ ഉത്തമധാരണ ഉൾക്കൊണ്ട് മുഴുവൻ മനുഷ്യരിലും പരിവർത്തനമുണ്ടാക്കി, ഭൗതികതകൊണ്ട് നിറഞ്ഞ ആദർശങ്ങൾക്ക് ശുദ്ധമായ ആദ്ധ്യാത്മികമായ അടിത്തറ നൽകി വൈഭവത്തോടൊപ്പം ശുദ്ധമായ അധ്യാത്മിക ജീവിതത്തെ സമന്വയിപ്പിക്കുകയും അതിന്റെ ആദർശത്തെ മുഴുവൻ ലോകത്തും പുനസ്ഥാപിക്കാൻ കഴിവുള്ള പ്രബലമായ രാഷ്ട്രത്തെ നിർമ്മിക്കുകയുമാണ് നമ്മുടെ ലക്ഷ്യം.

എന്നാൽ ഈ ചിന്ത സമൃതിക്കെതിരല്ല. ശാരീരികമായ നിലനിൽപിന് ആവശ്യമായ എല്ലാവസ്തുക്കളും പൂർണമായ തോതിൽ തന്നെ വേണ്ടതാണ്. അതിലൂടെ യോഗ്യമായ അന്തരീക്ഷം സൃഷ്ടിക്കപ്പെടും എന്ന കാര്യത്തിൽ സാശയമില്ല. അർത്ഥവും കാമവും ധർമ്മത്താൽ നിയന്ത്രിക്കപ്പെടുന്നതിലൂടെ മോക്ഷത്തെ പ്രാപിക്കാം. ഇതാണ് നമ്മുടെ സമാജമന്ത്രം.

ധാരാളം സമ്പത്ത് വർദ്ധിപ്പിക്കുന്നതിലൂടെ രാഷ്ട്രം വൈവഭവ സമ്പന്നമാകില്ല. അത് നമ്മുടെ കൈകളിൽ തന്നെ നിലനിൽക്കുമെന്നതിന് ഉറപ്പില്ല. അതിനാൽ രാഷ്ട്രം പരാക്രമം കൊണ്ടു സുഖസമൃദ്ധി കൈവരിക്കാൻ കഴിയുന്നതും സ്വാവലംബിയായി ലോകത്തിനു മുന്നിൽ തലയുയർത്തി നിൽക്കുന്നതും സ്വന്തം പരാക്രമം കൊണ്ട് രക്ഷിതമായി നിൽക്കാനുള്ള ശേഷിയുള്ളതുമാവണം എന്നാണ് നമ്മുടെ വിചാരം.

രാജ്യത്തിന്റെ വൈഭവത്തെ രക്ഷിക്കാൻ വേണ്ട സാമർഥ്യം നമുക്കുണ്ടായാലേ ആ വൈഭവം നമ്മുടെ വൈഭവമാകൂ. വൈഭവ സമ്പന്നത കൈവരിക്കാൻ എളുപ്പമാണ് എന്നാൽ നേടിയതൊക്കെ ശരിയായി സംരക്ഷിക്കേണ്ടത് അതിനേക്കാൾ ആവശ്യമാണ്. അപ്രാപ്തസ്യ പ്രാപ്തവ്യം പ്രാപ്തസ്യ രക്ഷണം ഇതി യോഗക്ഷേമ (നേടാൻ സാധിക്കാത്തതിനെ നേടുക, നേടിയതിനെ സംരക്ഷിക്കുക; ഇതാണ് യോഗക്ഷേമം) എന്ന് പറയാറുണ്ട്. പണ്ട് നമ്മുടെ പക്കൽ അതുല്യസമ്പത്ത് ഉണ്ടായിരുന്നു. പക്ഷേ കാത്തുസൂക്ഷിക്കാനുള്ള ശേഷി ഇല്ലാതെ പോയത് കൊണ്ട് അവ നഷ്ടപ്പെട്ടു. ഇനിയെങ്കിലും വൈഭവമുണ്ടായാൽ തന്നെ അതു സംരക്ഷിക്കാനുള്ള ശക്തിയില്ലെങ്കിൽ അർത്ഥകാമമോഹികളായ ശക്തികൾ ഈ വൈഭവങ്ങൾ കൊള്ളയടിക്കാൻ ഒട്ടും സങ്കോചം കാട്ടില്ല.

# പരമേശ്വർജിയില്ലാത്ത രണ്ട് വർഷങ്ങൾ

**എം. ബാലകൃഷ്ണൻ**

**കാ**ലത്തെ കടന്നു കണ്ട ക്രാന്തദർശിയായിരുന്നു ആർ എസ് എസ് പ്രചാരകനായ പരമേശ്വർജി. എഴുത്തുകാരനും കവിയും പത്രാധിപരും രാഷ്ട്രീയക്കാരനും പ്രഭാഷകനും സാമൂഹ്യ പരിഷ്കർത്താവുമെന്നിങ്ങനെ സാമൂഹ്യ ജീവിതത്തിന്റെ വ്യത്യസ്ത മേഖലകളിൽ തല ഉയർത്തിപ്പിടിച്ച് നടന്ന ധിഷണാശാലിയായ അദ്ദേഹം യഥാർത്ഥത്തിൽ ഒരു സ്വയംസേവകൻ എന്താണെന്ന് ജീവിച്ചു കാണിക്കുകയായിരുന്നു. വിദേശ സർവ്വകലാശാലകളിലും വിഖ്യാതമായ പ്രഭാഷണ വേദികളിലും അഗാധമായ പാണ്ഡിത്യത്തികവോടെ അറിവ് പങ്ക് വെച്ച പരമേശ്വർജി പാണ്ഡിത്യഭാരമൊന്നുമില്ലാതെ സാധാരണക്കാരോടും സംവദിച്ചു. പ്രവർത്തിച്ച രാഷ്ട്രീയപാർട്ടി അധികാരത്തിന്റെ ഉത്തുംഗപദത്തിലെത്തിയപ്പോൾ അധികാരമൊന്നുമല്ലെന്ന് പറഞ്ഞ് അവിടെ നിന്ന് തിരിഞ്ഞു നടന്നു. ഏത് പദവിയും കിട്ടുമെന്നിരിക്കേ 'ഭാരമഖിലം പേറിടും ആധാരശിലയായി മാറിടാവൂ' എന്ന മനസ്സോടെ അദ്ദേഹത്തിന് ജീവിക്കാൻ കഴിഞ്ഞു.

വൈദേശിക ആശയങ്ങൾക്കടിപ്പെട്ട്, തനിമ നഷ്ടപ്പെടുന്ന കേരളത്തെക്കുറിച്ചുള്ള ആശങ്ക പരമേശ്വർജിയുടെ മനസ്സിലെന്നുമുണ്ടായിരുന്നു. ഭാരതീയതയുടെ പ്രാദേശികമായ ആവിഷ്കാരമാണ് കേരളമെന്നും കേരളത്തിന്റെ പോക്ക് ദേശീയതയിൽ നിന്നുള്ള അകൽച്ചയാണെന്നും പരമേശ്വർജി നിരന്തരമായി മുന്നറിയിപ്പ് നൽകിക്കൊണ്ടിരുന്നു. ഉള്ളു പൊള്ളയായ കേരളവികസന മാതൃക ഊതി വീർപ്പിച്ച ബലൂണായിരുന്നുവെന്ന യാഥാർത്ഥ്യം മലയാളിയുടെ മനസ്സിലെത്തിച്ചത് പരമേശ്വർജിയായിരുന്നു. കേരളത്തിന്റെ നവോത്ഥാന പാത അട്ടിമറിക്കപ്പെട്ടത് ഭൗതികവാദ ആശയങ്ങളുടെ കടന്നുകയറ്റം കൊണ്ടാണെന്ന ബോധ്യത്തിൽ നിന്നാണ് 'ശ്രീനാരായണഗുരു നവോത്ഥാനത്തിന്റെ പ്രവാചകൻ' എന്ന ഗ്രന്ഥം ഉടലെടുക്കുന്നത്. ഇടത് സഹയാത്രികനായ ഡോ.ബി.ഇക്ബാലിന്റെ ഒരനുഭവം ഈ ഗ്രന്ഥത്തിന്റെ പ്രസക്തി എന്തെന്ന് വിശദീകരിക്കുന്നുണ്ട്.

പരമേശ്വർജിയെ ഡോ.ബി. ഇക്ബാൽ അനുസ്മരിക്കുന്ന രണ്ടു സംഭവങ്ങളിലൊന്ന് ഇഎംഎസ് നമ്പൂതിരിപ്പാടുമായുണ്ടായ ഒരു ചർച്ചയുമായി ബന്ധപ്പെട്ടാണ്. 1996ൽ ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട ഒരു പ്രശ്നം സംസാരിക്കാൻ ഇഎംഎസിന്റെ വീട്ടിൽ ഡോ.ഇക്ബാൽ എത്തുന്നു. തന്റെ പുസ്തകക്കൂട്ടത്തിൽ നിന്ന് നമ്പൂതിരിപ്പാട് ഒരു പുസ്തകമെടുത്ത് ഡോ.ഇക്ബാലിന് നൽകിയിട്ട് 'ഇത് വായിച്ചില്ലെങ്കിൽ ഉടനെ വായിക്കണം.' എന്ന് നിർദ്ദേശിക്കുന്നു. വൈകാതെ താനൊരു റിവ്യു എഴുതുന്നുണ്ടെന്ന് കൂടി ഇഎംഎസ് കൂട്ടിച്ചേർക്കുന്നുണ്ട്. പുസ്തകവും ഇഎംഎസിന്റെ വിമർശന പഠനവും വൈകാതെ വായിച്ചുവെന്ന് പറഞ്ഞുകൊണ്ടാണ് ഡോ.ഇക്ബാൽ തന്റെ അനുസ്മരണക്കുറിപ്പ് തുടരുന്നത്. 'ശ്രീനാരായണഗുരു നവോത്ഥാനത്തിന്റെ പ്രവാചകൻ' എന്ന പുസ്തകത്തെക്കുറിച്ചാണ് നമ്പൂതിരിപ്പാട് അന്ന് ഡോ.ഇക്ബാലിനോട് സംസാരിച്ചത്.

ജനകീയാസൂത്രണ ചർച്ചയിൽ പരമേശ്വർജിയുടെ പുസ്തകം കടന്നുവരാനിടയായ സാഹചര്യം എന്തായിരുന്നുവെന്ന് ഡോ.ഇക്ബാൽ വിശദീകരിച്ചിട്ടില്ല. അത് വായനക്കാർക്ക് ഊഹിക്കാവുന്നതാണ്. 'ശ്രീനാരായണനെ തുടർന്ന് വന്ന സന്യാസിമാരും ചുരുക്കം ചില മതഭക്തരുമൊഴിച്ച് ഈഴവരിൽ തന്നെ അധികമാരും സ്വാമികളുടെ സന്യാസ ജീവിതത്തെ ആദർശമാക്കിയെടുക്കുന്നില്ലെന്നും ശിവഗിരി തീർത്ഥാടന പരിപാടിയിൽ പങ്കെടുക്കുന്നത് അവിവേകമായിരിക്കുമെന്നും പറഞ്ഞ ഇഎംഎസ്. പക്ഷെ പരമേശ്വർജി അമ്പത് കൊല്ലം മുമ്പ് എഴുതിയ 'ശ്രീനാരായണഗുരു നവോത്ഥാനത്തിന്റെ പ്രവാചകൻ' എന്ന വിവിധ ഭാഷകളിൽ പ്രസിദ്ധീകരിക്കപ്പെട്ട പുസ്തകത്തെക്കുറിച്ച് അറിവും അതിന്റെ 'പ്രത്യാഘാതത്തെക്കുറിച്ചുള്ള' കമ്യൂണിസ്റ്റ് ധാരണയുമുണ്ടായിരുന്നുവെന്ന് വ്യക്തം. 1948 ൽ 'കേരളം മലയാളികളുടെ മാതൃഭൂമി' എന്ന ബൃഹദ്ഗ്രന്ഥം രചിച്ച ഇഎംഎസ് നമ്പൂതിരിപ്പാട് ആ ചരിത്രപുസ്തകത്തിൽ ശ്രീനാരായണഗുരുവിനെ അടയാളപ്പെടുത്തിയതെങ്ങിനെയെന്നും 'ശ്രീനാരായണഗുരു നവോത്ഥാനത്തിന്റെ പ്രവാചകൻ' എന്ന തന്റെ ഗ്രന്ഥത്തിൽ പി.പരമേശ്വരൻ എങ്ങിനെയാണ് വിശദീകരിച്ചതെന്നും താരതമ്യപ്പെടുത്തുമ്പോൾ കേരളം എത്തിനിൽക്കുന്ന പ്രതിസന്ധിയുടെ കാരണങ്ങളിലേക്ക് എളുപ്പത്തിൽ എത്തിച്ചേരാനാവും

വേരറ്റുപോയ മരത്തിന് മണ്ണിലുയർന്ന് നിൽക്കാനാവില്ല. കേരളത്തിന്റെ യഥാർത്ഥ പ്രശ്നത്തെ തിരിച്ചറിയുകയായിരുന്നു പരമേശ്വർ ജി. ശ്രീനാരായണ ഗുരു കേരളത്തെ വിധേയമാക്കിയ നവീകരണ പ്രക്രിയയുടെ ചുവട് പിടിച്ചല്ലാതെ നമുക്ക് മുന്നോട്ട് പോവാനാവില്ലെന്ന യാഥാർത്ഥ്യമാണ് പരമേശ്വർജി അർത്ഥശങ്കയ്ക്കിടയില്ലാത്ത വിധം വ്യക്തമാക്കിയത്. രാഷ്ട്രത്തിന്റെ പരമവൈഭവം ജനപഥങ്ങളുടെ വികേന്ദ്രീകൃതമായ വികസനമാണെന്ന ഭാരതീയ വികസന മാതൃകയുടെ വക്താവായിരുന്നു അദ്ദേഹം. അതിലൂടെ രാഷ്ട്രത്തെ പരമ വൈഭവത്തിലെത്തിക്കാനുള്ള പ്രയത്നത്തിന് സ്വയം സമർപ്പിക്കുകയായിരുന്നു പരമേശ്വർജിയെന്ന സ്വയംസേവകൻ.



കോമളം പാലത്തിന്റെ ഉദ്ഘാടന ചടങ്ങ്

## കോമളം നടപ്പാലം സമർപ്പിച്ചു

# സേവാഭാരതിക്കൊപ്പം അവർ നടന്നു, നാടും...

**മല്ലപ്പള്ളി:** ദയയും ദ്യുതിയും ശ്രീഹരിയും ആശിഷ് കോശിയും സായിയും തങ്ങൾക്കു ഉപഹാരമായി കിട്ടിയ പുസ്കങ്ങളുമായി കോമളം നടപ്പാലത്തിലൂടെ നടന്നു. പ്രളയത്തിൽ വേർപിരിഞ്ഞ കോമളം, അമ്പാട്ടുഭാഗം കരകളെ കൂട്ടിയിണക്കി സേവാഭാരതി പ്രവർത്തകരും നാട്ടുകാരും ചേർന്ന് മുളന്തൂണുകളിൽ പണിതുയർത്തിയ പാലത്തിന്റെ സമർപ്പണവേളയിലാണ് ഇരുകരകളിലുമുള്ള കുട്ടികൾ അക്കരെയിക്കരെ നടന്നത്. അവർകൂടി ഒത്തുചേർന്നാണ് കോമളം പാലം പൂർത്തിയാക്കിയത്.

രാവിലെ 11ന് ജനപങ്കാളിത്തത്തോടെയായിരുന്നു കോമളം കടവിൽ പാലം സമർപ്പണച്ചടങ്ങ്. സർക്കാരിന്റെയും ജനപ്രതിനിധികളുടെയും തുടർച്ചയായ അവഗണനയെ നാട്ടുകാർ സേവാഭാരതിയുടെ കരം പിടിച്ച് മറികടക്കുകയായിരുന്നു. രാഷ്ട്രീയപ്രമുഖരെ ഒഴിവാക്കി, ഇരുകരകളിലുമുള്ള മൂന്ന് കുട്ടികളെക്കൊണ്ട് അവർ നാട മുറിപ്പിച്ചു. പുസ്തകങ്ങളുമേന്തി അവർ ആദ്യമായി പാലത്തിലൂടെ നടന്നുനീങ്ങിയപ്പോൾ ഹർഷാരവം മുഴക്കിയും പടക്കം പൊട്ടിച്ചും നാട്ടുകാർ അത് ആഘോഷമാക്കി. തുടർന്ന് പായസം പങ്കുവച്ച് മനസ്സിൽ ഒരുമയുടെ മധുരം നിറച്ചു.

ഗതാഗതയോഗ്യമായ ഒരു താല്ക്കലിക പാലം എന്ന പ്രാഥമിക ആവശ്യം സാക്ഷാത്കരിക്കുന്നതിനായി ഏതറ്റം വരെയും പോകാൻ ഒത്തുചേർന്ന നാട്ടുകാരുടെ ദൃഢനിശ്ചയമാണ് ചടങ്ങിൽ പ്രതിഫലിച്ചത്. പാലത്തിന്റെ നിർമ്മാണത്തിനു നേതൃത്വം നൽകിയ കെ.എൻ.രവി, ഉമേഷ് എന്നിവരെ സേവാഭാരതി ജില്ലാ സംഘടനാ സെക്രട്ടറി സി. ബാബു ആദരിച്ചു. നിർമ്മാണ പ്രവർത്തങ്ങളിലെ ആകർഷണ സാന്നിദ്ധ്യമായിരുന്ന ദയ, ദ്യുതി, സായി, ആഷിഷ്, ശ്രീഹരി എന്നീ കുരുന്നുകൾക്ക് പത്മകുമാർ പള്ളത്ത് ഉപഹാരങ്ങൾ നൽകി.

ഫാ. അനൂപ് സ്റ്റീഫൻ, ഡോ സജി ചാക്കോ, ടി.ഒ ഏബ്രഹാം, മല്ലപ്പള്ളി ഗ്രാമ പഞ്ചായത്ത് അംഗം പ്രകാശ്കുമാർ വടക്കേമുറി, പുറമറ്റം ഗ്രാമ പഞ്ചായത്ത് അംഗം രശ്മിമോൾ, ആർഎസ്എസ് വിഭാഗ് സേവാ പ്രമുഖ് സി.എൻ.രവികുമാർ, ജില്ലാ സേവാ പ്രമുഖ് എൻ. സന്തോഷ് കുമാർ, വി.എം ജി. പണിക്കർ, മോൺസൺ കുരുവിള, ഒ.എം മാത്യു, വി.വി. ഏബ്രഹാം, എന്നിവർ പങ്കെടുത്തു. ഏബ്രഹാം കോച്ചേരിൽ സ്വാഗതവും അജിത് കാരയ്ക്കാട്ട് മേപ്രത്ത് നന്ദിയും പറഞ്ഞു.

# ദേശീയതയുടെ പാട്ടുകാരി



**തോ**റ്റുപോയ ഇന്ത്യൻ മനസ്സിനെ ആത്മവിശ്വാസത്തിലേക്ക് ഉണർത്തുകയായിരുന്നു അന്ന് ലതാ മങ്കേഷ്കർ. 1963 ജനുവരി 27ന് ദൽഹിയിലെ സെൻട്രൽ സ്റ്റേഡിയത്തിൽ ആർമി വെൽഫെയർ ഫണ്ടിന് വേണ്ടി സംഘടിപ്പിച്ച സംഗീതസായാഹനത്തിലായിരുന്നു ദേശാഭിമാനം തുടിക്കുന്ന ആ ഗാനം പിറന്നത്. യേ മേരെ വതൻ കെ ലോഗോം... എന്ന പാട്ടിലൂടെ ഒരു ജനത ജീവിതത്തിലേക്കും വിജയത്തിലേക്കും ഉയർന്നു. 1962ൽ ചൈനയുമായുള്ള യുദ്ധത്തിൽ തോറ്റ് നിരാശയിലാണ്ടുനിന്ന ഒരു രാജ്യത്തിന്റെ ഹൃദയത്തിലേക്കാണ് ആ പാട്ട് ഒഴുകിയെത്തിയത്. യുദ്ധം അവസാനിച്ചിട്ട് ഏഴ് ആഴ്ചയേ ആയിരുന്നുള്ളൂ അപ്പോൾ.

ദേശഭക്തി തുളുമ്പുന്ന സ്വരത്തിലൂടെ ലത മങ്കേഷ്കർ പാടിയപ്പോൾ തോൽവിയുടെ ഭാരം കൊണ്ട് തളർന്നിരുന്ന പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിന്റെ കണ്ണുകൾ നിറഞ്ഞൊഴുകി. തോറ്റുപോയ ഒരു ജനതയെ ആകെ ഉണർത്തി ജയ് ഹിന്ദ് പാടിയാണ് ആ ഗാനം അവസാനിച്ചത്.

ഒൻപത് വർഷത്തിന് ശേഷം ദൽഹിയിലെ രാംലീലാ മൈതാനത്ത് ലത വീണ്ടും പാടി, ‘ യേ മേരെ വതൻ കെ ലോഗോം...’ തോറ്റ ഇന്ത്യയായിരുന്നില്ല അന്ന് മുന്നിൽ. പാകിസ്ഥാനെ തകർത്ത്, ബംഗ്ലാദേശിന് ജന്മം കൊടുത്ത ഇന്ത്യ... വിജയിക്കാൻ ശീലിച്ച ഇന്ത്യ...


അടിമുടി ദേശീയവാദിയായിരുന്നു ലതാമങ്കേഷ്കർ. വീരസാവർക്കറിന്റെ ആരാധിക. സംഗീതമുപേക്ഷിച്ച് ദേശസേവനത്തിനിറങ്ങാനൊരുങ്ങിയ ലതയ്ക്ക് സംഗീതവും ആയുധമാണെന്ന് ചൂണ്ടിക്കാണിച്ചത് സാവർക്കറാണ്. ലതയുടെ അച്ഛൻ ദീനാനാഥ് മങ്കേഷ്കറിന്റെ നാടകക്കമ്പനിക്ക് വേണ്ടി ‘സന്യസ്ത് ഖഡ്ഗ’ എന്ന നാടകം എഴുതിയത് സവർക്കറായിരുന്നു. അതിലെ ‘ശത് ജനം ശോത്ധന’ എന്ന ഒറ്റഗാനത്തിന്റെ പേരിൽ സാവർക്കർജിക്ക് ജ്ഞാനപീഠം നൽകേണ്ടതാണെന്ന് ലത വാദിച്ചു. സവർക്കറിനെതിരെ രാജ്യത്ത് നടന്ന ദുഷ്പ്രചാരണങ്ങളിൽ ലത അസ്വസ്ഥയായിരുന്നു. വിമർശിക്കുന്നവർക്ക് സവർക്കർ എത്ര വലിയ ദേശാഭിമാനിയാണെന്ന് അറിയില്ലെന്ന് ലത അദ്ദേഹത്തിന്റെ ജയന്തി ദിനത്തിൽ ട്വീറ്റ് ചെയ്തു. സാവർക്കറിനെതിരെ ആരോപണങ്ങളും വിവാദങ്ങളും ചുറ്റും നിറയുമ്പോഴും അദ്ദേഹം തനിക്ക് പിതൃസമാനനായിരുന്നു എന്ന് ലത സധൈര്യം വിളിച്ചുപറഞ്ഞു.

## മതേതര സർക്കാരുകൾ ആചാരങ്ങളിലേക്ക് കടന്നുകയറുന്നത് ആശാസ്യമല്ല

**ചെറുകോൽപ്പുഴ:** മതേതര സർക്കാരുകൾ ആചാരങ്ങളിലേക്ക് കടന്നു കയറുന്നത് ആശാസ്യമല്ലെന്ന് കൊളത്തൂർ അദ്വൈത ആശ്രമം മഠാധിപതി സ്വാമി ചിദാനന്ദപുരി. ചെറുകോൽപ്പുഴ ഹിന്ദുമത പരിഷത്തിന്റെ മാർഗദർശന സഭയിൽ അധ്യക്ഷ പ്രസംഗം നടത്തുകയായിരുന്നു അദ്ദേഹം. ഒരു ആശയം മറ്റൊരു ആശയത്തെ നിന്ദിക്കാതെ പരസ്പരസ്പ ആദരവോടെ ജീവിക്കാൻ കഴിയണം.

പാദപൂജ ചെയ്യുന്നത് തെറ്റാണെന്ന് മതേതര സർക്കാരുകളാണോ പറയേണ്ടത്. വ്യവസ്ഥയ്ക്കുള്ളിൽ വച്ച് നവീകരിക്കാനുള്ള സംവിധാനമാണ് പ്രായോഗികം. അതിന് പകരം ആചാരങ്ങളിലും വിശ്വാസത്തിലും കടന്നുകയറുന്നത് എതിർക്കപ്പെടണം. ബ്രാഹ്മണൻ ഇന്നു കാലു കഴുകിച്ചാൽ നാളെ അവർ ആചാരത്തിന്റെ മറവിൽ കുണ്ടി കഴുകിക്കും. ജനാധിപത്യം ഇനിയും തലച്ചോറിൽ കേറാത്ത യാഥാസ്ഥിക മനസ്ഥിതിക്കാർ പഴയതൊക്കെ തിരിച്ചുകൊണ്ടുവരുവാൻ ആചാരം മറയാക്കി പ്രവർത്തിക്കുന്നത് തിരിച്ചറിയാൻ കഴിയുന്നവർ ഇവിടെയുണ്ട്. അത് തടയിടുക തന്നെ വേണം. പ്രപഞ്ചത്തിന്റെ താളക്രമത്തിനനുസരിച്ച് പ്രപഞ്ചത്തിന് ഒരു ദോഷം ഉണ്ടാക്കരുതെന്ന ബോധത്തോടെ ജീവിതം ചിട്ടപ്പെടുത്തുന്നതാണ് ധാർമ്മിക ജീവിതം. പരിപാലിക്കേണ്ടതും ധരിക്കേണ്ടതും സ്വയം ആചരണത്തിലൂടെ രക്ഷിക്കേണ്ടതുമാണ് ധർമ്മം. വൈദികമായ മൂല്യങ്ങളെ മുറുകെപ്പിടിച്ച് ആചരിക്കേണ്ടതാണ് ധർമം. അതുകൊണ്ടാണ് ആചാരപരമോധർമ എന്ന് ഭഗവാൻ പറഞ്ഞത്. ശാസ്ത്രം എന്നത് ലിഖിതമായി ലഭിച്ചവ മാത്രമല്ല. ഗുരുശിഷ്യ പരമ്പരയിലൂടെ വന്ന ഉപദേശങ്ങൾ വേദശാസ്ത്രങ്ങളുടെ ഭാഗമാണെന്നും അദ്ദേഹം പറഞ്ഞു.




# പച്ചമായ്ഞ്ഞു ത്രിവർണ്ണമണിഞ്ഞ് ജിന്നാ ടവർ

**ഗുണ്ടൂർ:** ആന്ധ്രയിലെ ഗുണ്ടൂരിലെ ജിന്ന ടവറിന്റെ പച്ചനിറം മായ്ച്ചുകളഞ്ഞ് ദേശീയപതാകയുടെ ത്രിവർണനിറം പൂശി. വിവിധ സംഘടനകളുടെയും പൊതുജനങ്ങളുടെയും നിരന്തരമായ ആവശ്യത്തിന് മുമ്പിൽ ഗുണ്ടൂർ മുൻസിപ്പൽ കോർപ്പറേഷൻ വഴങ്ങുകയായിരുന്നു. ടവറിന് സമീപം കൊടിമരം സ്ഥാപിച്ച് ദേശീയപതാകയും ഉയർത്തുമെന്ന് ഗുണ്ടൂർ ഈസ്റ്റ് എംഎൽഎ മൊഹമ്മദ് മുസ്തഫ പറഞ്ഞു. വ്യാഴാഴ്ച ഇതിനുള്ള നടപടികൾ തുടങ്ങും. ഗുണ്ടൂർ മുൻസിപ്പൽ കോർപ്പറേഷൻ മേയർ കവതി മനോഹർ നായിഡുവുമൊത്ത് സ്ഥലം സന്ദർശിച്ച എംഎൽഎ ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും വിലയിരുത്തി. സ്വാതന്ത്ര്യസമരത്തിൽ നിരവധി മുസ്ലീം നേതാക്കൾ ബ്രിട്ടീഷുകാരോട് പോരാടിയിട്ടുണ്ട്.

സ്വാതന്ത്ര്യം ലഭിച്ചതിന് ശേഷം ചിലർ പാകിസ്താനിലേക്ക് കൂടിയേറി. പക്ഷെ ഞങ്ങൾ ഇവിടെ തന്നെ തുടരാനാണ് ആഗ്രഹിക്കുന്നത്. ഇന്ത്യയാണ് ഞങ്ങളുടെ മാതൃരാജ്യം മൊഹമ്മദ് മുസ്തഫ കൂട്ടിച്ചേർത്തു. ജിന്ന ടവറിന്റെ പേര് മാറ്റണമെന്ന് നേരത്തെ മുതൽ ആവശ്യമുയർന്നിരുന്നു. അടുത്തിടെ ബിജെപി ദേശീയ സെക്രട്ടറി വൈ. സത്യകുമാറും ഈ ആവശ്യം ഉന്നയിച്ച് രംഗത്തെത്തിയിരുന്നു. ഇന്ത്യയെ ചതിച്ചയാളുടെ പേരുമായി ഇവിടെ നിലകൊള്ളുന്ന ഒരേയൊരു സ്ഥലമാണെന്നും എന്തുകൊണ്ട് ഈ സ്ഥലത്തിന് ഭാരതപുത്രനായ ഡോ. കലാമിന്റെ പേര് നൽകികൂടെ എന്നുമായിരുന്നു അദ്ദേഹത്തിന്റെ ചോദ്യം. ട്വിറ്ററിലൂടെ നടത്തിയ അഭിപ്രായത്തിന് വലിയപിന്തുണയാണ് ലഭിച്ചത്.

ഇതേ ആവശ്യവുമായി ബിജെപി ആന്ധ്രഘടകം ഗുണ്ടൂർ മുൻസിപ്പൽ കോർപ്പറേഷൻ കമ്മീഷണർക്ക് നോട്ടീസ് നൽകുകയും ചെയ്തു. ടവർ നിൽക്കുന്ന പ്രദേശം ജിന്ന സെന്റർ എന്നാണ് അറിയപ്പെടുന്നത്. ഗുണ്ടൂരിലെ മഹാത്മാ ഗാന്ധി റോഡിലാണ് ജിന്ന ടവർ. 2017ൽ പാകിസ്താൻ ട്വിറ്ററിലൂടെ ജിന്ന ടവറിനെക്കുറിച്ച് പരാമർശിച്ചിരുന്നു. കഴിഞ്ഞ മാസം അവസാനം ഒരു കൂട്ടം ജനങ്ങൾ ജിന്നാ ടവറിലെത്തുകയും ത്രിവർണനിറം നൽകാൻ ശ്രമിക്കുകയും ചെയ്തിരുന്നു. എന്നാൽ പോലീസ് ഇടപെട്ട് ഇവരെ പിന്തിരിപ്പിക്കുകയായിരുന്നു




വൃത്താന്തം അയോദ്ധ്യാപ്രിന്റേഴ്സിൽ
അച്ചടിച്ചു പ്രസിദ്ധീകരിക്കുന്നത്. (വ്യക്തിഗത ഉപയോഗത്തിനു മാത്രം)


മാധവനിവാസ്, എളമക്കര പി. ഒ., പേരണ്ടൂർ റോഡ് – കൊച്ചി–26 മൊബൈൽ – 9656195171

E-mail-vrithanthamkeralam@gmail.com